Anxiety, Worry and Fear are really sins against God, though sometimes these are developed in humans either as genetical or environmental or habitual reasons. The following are some points of practical aspects that substantiate the sinful nature of these trios. Anxiety, Worry and Fear lead people to (1) doubt God's promises, (2) doubt and question His power, (3) disregard His providential care, (4) forget intimate divine presence and guidance, (5) depend on worldly and sinful factors like alcohol, narcotics and other addictions, unholy relations, black magic etc., (6) divert our heart and interest from His praise and worship and (7) inactive, indifferent and irresponsible towards God- given responsibilities and assignments. Recognising the serious sinful nature of these trios John Wesley once said, "I would no more worry than I would curse or swear". As these trios are sinful, harmful and detrimental against leading successful spiritual as well as secular life, we have to resist, banish, lockup and bring them under our control using psycho-religious weapons in the Christian way.

## 2. Biblical weapons against these terrible Trio-evils

'Fear not, I am with you, I am your saving and atoning God'. "Do not be afraid of sudden terror, nor of trouble from the wicked when it comes; for the Lord will be your confidence" (Proverbs 3:25-26). This consoling and strengthening God's message is hundred and hundred times repeated throughout in Holy Bible from Genesis to Revelation, especially in the books of Prophets and Psalms (give verse list possible). Still we are dubious and wavering and not using these verses of Biblical weapons effectively and properly in situations of peril and distress. A meditational study reveals that the messages in Biblical verses include mainly the following categories:

(1) Strengthening verses such as 'Fear not, Worry not, I am with you'.

St. Mary, the thieves on left and right sides of our Lord at Golgotha—Experience

***"And the angel said unto her, Fear not Mary; for thou hast found favour with God"*** (Lk. 1:30).

***"And Jesus said unto him, Verily I say unto thee, today shall thou be with me in paradise"*** (Lk. 23:43).

(2) Promising verses such as 'The Lord is my light and salvation; whom shall I fear'

Having given our Anxiety, Worry and Fears to God in the strengthening verses and prayers, we must meditate to pour over the Scriptures, followed by searching out specific promises, for providing Biblical weapons to fight against the trio-evils within us. Copy them down. Memorise them, and meditate on them when rising in the morning, going to bed at night, and working throughout the day. The following are some powerful verses and Psalms that have helped me a lot.

**Verses:** "***The Lord is my light and my salvation; whom shall I fear? The Lord is the strength of my life; of whom shall I be afraid?***"(Ps. 27:1).

"***Do not fret—it only causes harm***" (Ps. 37:8).

"***The Lord is on my side; I will not rear. What can man do to me?***"(Ps. 118:6).

***"The fear of man brings a snare, but whoever trusts in the Lord shall be safe"*** (Proverbs 29:25).

***"Fear not, I am with you; be not dismayed, for I am your God. I will strengthen you, yes, I will help you, I will uphold you with My righteous right hand"*** (Isaiah 41:10).

**Psalms: 23, 27, 42, 40, 46 and 121.** These verses and Psalms as a whole are the best fear insurance remedial weapons for banishing the trio-evils. Clip them out and place them in locations where we are prone to anxiety attacks. Hide them in our heart, and let the Word of God fortify our spirit.

(3) Consoling Hopeful verses such as 'Though I walk through the valley of tears and death, I will fear no evil'.

Psalm 27 is this sort of scripture, which is known as **'Psalm of Spiritual courage and Hope'**. The whole verses of the Psalm, from the first to fourteenth the last verse are filled with spiritual strength-giving statements that impart immense courage to all those meditate it. The hope with positive awareness of reality may help us to address and face difficult situations in life. "The Lord is my light and my salvation—so why should I be afraid? The Lord protects me from



danger—so why should I tremble? (Verse 1). The statement of a chronic cancer patient, ***"though I am a cancer patient, still I am living; I am getting an opportunity of one more day to live with thanks and joy"***. When we are highlighting the positive hope, then the anxiety, worry and fear regarding the future will stay away. This hope will inspire and strengthen us to stand up and move, though our legs stumble and fall down.

(4) Prayer-demanding verses such as 'Worry about nothing, Pray about everything'.

"*Don't worry about anything; instead, pray about everything; tell God your needs, and don't forget to think Him for His answers. If you do this, you will experience God's peace, which is far more wonderful than the human mind can understand*" (Philippines 4:6-7). Elisha Hoffman, an Evangelist once met a woman in Lebanon, Pennsylvania, whose depression seemed beyond cure. She poured her pent-up sorrows, crying, "What shall I do? Oh what shall I do? Hoffman told the worried woman to take her sorrows to Jesus. "You must tell Jesus", he said. Finally she realised and replied, "Yes, That's it! I must tell Jesus". Her words echoed in Hoffman's ears, and from that experience he wrote the hymn, 'I must tell Jesus' with its splendid chorus:

***I must tell Jesus! I must tell Jesus!***
***I cannot bear my burdens alone***
***I must tell Jesus! I must tell Jesus!***
***Jesus can help me, Jesus alone.***

Personal Prayer, as it is an intimate talk, is our primary method for communicating and telling Jesus about our worries and fears and, in the process of recognising the presence of God. We draw near to Him in prayer, and in His presence is peace. Admittedly this may take some time. It often takes a season of abiding with the Lord before our hearts break through into the fullness of His peace. Jesus prayed three times in Gethsemane about His burden of life-assignment, ultimately submitting Himself perfectly for the Father's decision to take place unconditionally (Mt. 26:36-46; Mk. 14:32-42; Lk. 22:39-46). St. Paul asked three times for relief from his thorn (ailments) in the flesh (2Cor.12:8). Elijah prayed seven times on Mount Carmel for rain to fall (1Kings 18:43-45). Sometimes peace comes instantly; other times it comes slowly but surely as we linger before God's throne. In either case, our fear level is a referendum on the closeness of our friendship with God. It is a spiritual yardstick, and we grow stronger as we learn to cast our cares on Him in prayer.

(5) Caring and Protecting Verses such as 'The Lord is thy holistic care-taker who diligently protects you from all sorts of evil'.

Psalm 121 is one of the 15 'ascent songs to Jerusalem Temple' by King David. This psalm may be titled well as **'Yahweh's protection circle'** as it depicts beautifully the protective care of God. The holistic protective care of God is explained in this psalm in five meditational points.

a) In verses 1-2, the bound responsibility of the creator God to protect His creation is highlighted. ***"I look up to the mountains—does my help come from there? My help comes from the Lord who made the Heavens and the Earth!"***

b) In verses 3-4, the diligence of God in protecting His creation, just like a mother watches and protects her new-born child without sleeping and closing of eyes, is emphasized. ***"He will not let you stumble and fall; the one who watches over you will not sleep"***


c) In verses 5-6, narrating the protective care of God that is extended throughout the day and night and throughout the life itself with his power as shade; night and day indirectly indicates respectively the old and sick inactive phase and active young phase of one's life. ***"The Lord Himself watches over you! The Lord stands beside you as your protective shade. The sun will not hurt you by day or the moon at night"***

d) In verses 7-8, again the Psalmist indicates a holistic type of care God provides to His beloveds. The protection and provision given by God is from all sorts of evils (verse 7) and it covers the body, mind and soul of His devotees. Even the movement of His beloved ones God cares and regulates. When such a holistic approach for the care and protection is offered by God to His Children, then why unnecessary fear and anxiety?

e) As conclusion the everlasting guidance and care of God for his children is highlighted in verse 8b, "The Lord keeps watch over you as you come and go, both now and forever".

### 3. Patristic weapons of Worship, Communion and Sacramental Life against Trio-evils

The three weapons used by our Spiritual Fathers against the Trio-evils are (1) regular and constant Worship, (2) Communion with almighty and (3) leading Sacramental life. Orthodox life and its spirituality are based on these fundamental religious practices. Any sort of Prayer and worship are the means of divine Communication with God, which in turn culminates in Communion with God. Communion with God results and manifested in Sacramental life and the manifested such life is the sacramental living. Sacramental living is to experience in our daily life the meaning of Sacraments. Keeping and maintaining oneself in Sacramental living is the gist of Orthodox way of life. Thus it can be seen that regular and constant Worship, Communion with almighty and leading Sacramental life are inter-linked and inter-related.



Three types of spirituality are sometimes mentioned in the current society—(1) 'Belly Spirituality', (2) 'Brain Spirituality' and (3) 'Heart Spirituality'. Belly spirituality refers to 'spirituality of convenience and self-gaining, without an iota of concern for others. This sort of degraded Christian spirituality is well marketed now in our consumeristic society. Brain spirituality is based on emotional and intellectual factors and leading people to non-sustainable and false Christian spirituality. That is the reason why our Spiritual Fathers never promoted emotional and intellectual based spirituality ever. However, the current society people are using these factors as cheap means of evangelisation and to mob more members in their denominational groups. Orthodox Christian spirituality involves the third one, which is 'Heart spirituality'. Heart is the symbol of love, sincerity, genuineness, and sustainability. Hence, in the Holy Bible many references are available in connection with heart. In Bible we can see many instances and experiences of 'Heart-poring Spirituality' Hanna experience in Jerusalem Temple (1 Sam. 1:10-21) is one such instance to be emphasized. As she was praying painfully, her lips moved without sounds coming out. Seeing this Eli the chief Priest misunderstood her being drunk. He questioned her, "Must you come here drunk"? She relied "I am not drunk! But I am very sad, and I was pouring out my heart to the Lord". This inter-poring heart between that of God and the devotee is the fountain of consolation and strength to withstand and overcome any sort of situations coming in the way of the Christian devotees' life.

## 4. Intimacy to Christ for getting firm Faith, Courage and Perseverance

Keeping intimacy and trust to Christ at all levels must lead us to firm faith, courage and perseverance in life. The book of Hebrews was written to those facing persecution in the first century. In chapter 12, we are told that as the believers in earlier generations trusted God with their difficulties, we too should "***run with perseverance the race marked out for us, fixing our eyes on Jesus, the pioneer and perfecter of faith***" (Heb. 12:1-2 NIV). The dynamism of Christian life mainly rely upon three things—(1) firm faith, (2) courage and (3) perseverance. If we have the qualities, then we are not terrorised by worry and fear. Trusting on God, we fix our eye on our Lord Jesus and keep on going and progressing in Christian life with patience.

Great missionary in India, Stanley Jones once revealed his experience in India. He arrived on the mission field with a great passion for ministry but battling crippling anxiety that led to periodic physical collapses. Diagnosing himself, Jones admitted to 'brain fatigue, nervous exhaustion and depression'. In this state he travelled to the city of Lucknow for a series of meetings. There, one night while praying, he felt the Lord speaking to him. Though not audible in ears, the voice of God heard in his heart seemed to say: ***"Are you yourself ready for this work to which I have called you?*** He replied, ***"No, Lord, I am done for, I have reached the end of my resources"***. The voice of Jesus to this was ***"If you will turn that over to Me and not worry about it, I will take care of it". "Lord"*** Jones said ***"I close the bargain right here"***. Just then a great peace pervaded his whole being. He recorded that ***"I knew it was done! Life—Abundant Life—had taken possession of me".*** He was so lifted up that he scarcely touched the road as quickly walked home that night. He went through the days, working far into the night and came down to bedtime wondering why in the world he should ever go to bed at all, for there was not the slightest trace of tiredness of any kind. He possessed by life and peace and rest—by Christ Himself. For the rest of his life, he never forgot what the Lord whispered in his heart: ***"If you will turn that over to 'Me' and not worry about it, I will take care of it". "Lord"*** Jones said ***"I close the bargain right here".***

## 5. Fellowship and Intercession of Saints who walked before us

The Prayer fellowships and intercessions of saints, who are spiritual models for us, are always strength and Fort for those who are in depression (Heb.12:1-3). The Saints are continuously praying for us recognising our grievances (Jn. 2:1-5) and their prayers are valuable before God. There are many instances in Holy Bible to substantiate that God's spiritual power is hidden in them. There exist an **intercessional hierarchy** in the Church (Revelation 8:1-5). The lowest stratum in this hierarchy is the mutual prayers of the believers, followed by the prayer of Departed Souls, bodily Fathers and Mothers, Priestly Fathers, Ascetic Fathers and Mothers, Saints of all categories, Martyr Fathers and Mothers, Holy Apostles and in the top Holy Mary the Theoptokos. All their prayers and Intercessions submitted and reach unto the hands of our Lord Jesus Christ, the ultimate and supreme performer of intercession before God, who submits everything unto His Holy Father. Our simple Christian duty is to join this 'intercessional hierarchy and circle to fill us tremendous spiritual courage. If we continue in our prayer life to maintain ourselves in this intercessional circle and the fellowship of Saints, we can address any sort of distress situation that come across in our life.

## Summary and Conclusion

'Anxiety, Worry and Fear' are the three psycho-spiritual enemies that live within us, causing all sorts of serious detrimental effects to human life, affecting body, mind, soul and even the behaviour and harmonious intra and inter relations at all levels. The strong Christian four weapons to banish these trio-evils are—(1) Biblical weapons against these terrible Trio-evils, (2) Patristic

weapons of Communion, Worship and Sacramental Life, (3) Intimacy to Christ for getting firm Faith, Courage and Perseverance and (4) Fellowship and Intercession of Saints who walked before us. Are these cruel trio-evils of Anxiety, Worry and Fear stalking us? Let these trios drive us to Prayer and sacramental life, strengthen us to intimacy towards our Lord Jesus Christ, and lead us to Fellowship and Intercession of Saints who walked before us. Let us claim God's promises and preserve us in divine path by fixing our eyes on Jesus. If we will turn our burden over to Him and not worry about it, He will take care of us. Let us attach all our agony and distress to our Lord's Cross with tears of repentance and prayers, as the thief hanged on the right side cross did. Our Lord said: ***"These things I have spoken to you, that in Me you may have peace. In the world you will have tribulation; but be of good cheer, I have overcome the world"*** (Jn. 16:33).

12th Memorial Feast 2019






**ഭിലായ് സെന്റ് തോമസ് മിഷൻ സ്ഥാപകൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവയുടെ 23-ാം ഓർമ്മപ്പെരുന്നാൾ ഭിലായ് സെന്റ് തോമസ് ചാപ്പലിൽ നവംബർ എട്ടാം തീയതി വി.കുർബ്ബാനകൂടി ഭക്തിയദരവു പൂർവ്വം നടത്തപ്പെടുന്നു.**

## Congratulations



**Master Ivan Jacob Thomas** of Mar Gregorios Orthodox Sunday School, Jamshedpur was awarded Mar Theodosius Memorial Award for securing A+ in Sunday School Std X examination held in December 2018.


*With best wishes from:-*




# M.G.M. MISSION SCHOOL

**School Managing Committee, Principal, Staffs and Students.**




L.C.T.Ghat, Mainpura, Patna-10
Ph.: 0612-2271047
Email : mgmschoolpatna@gmail.com



12th Memorial Feast 2019

# ഒരു ഓർമ്മക്കുറിപ്പ്.

സിസ്റ്റർ ലൂദിയ,സെന്റ് തോമസ് കോൺവെന്റ് ഭിലായ്



**കിനാവുകൾ യാഥാർത്ഥ്യമാക്കിയ യോഗീവര്യൻ.**

കാലം ചെയ്ത അഭിവന്ദ്യ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനി സ്വപ്നങ്ങൾ നെയ്തെടുക്കുകയും അത് യാഥാർത്ഥ്യമാക്കി ദൈവത്തിന് സമർപ്പിക്കുകയും ചെയ്ത മുനിശ്രേഷ്ഠനായിരുന്നു. മനസ്സിൽ കടന്നു കൂടിയ സ്വപ്നങ്ങൾ വെറും സ്വപ്നങ്ങളായിരുന്നില്ല മറിച്ച് പരിശുദ്ധാത്മാവ് ശക്തിപകർന്ന് പ്രവർത്തിപ്പിച്ച ചില ദൈവ ഇഷ്ടങ്ങളായിരുന്നു. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുവെങ്കിലും മരിക്കാനാവാത്ത ജീവിക്കുന്ന ഓർമ്മകൾ. ആത്മീയമായും ഭൗതീകമായും ഉള്ള തിരുമേനിയുടെ സംഭാവനകൾ മലങ്കരസഭയ്ക്ക് എന്നും പ്രചോദനമാണ്. ഒരു സമയത്ത് പരിഹാസമായി കപ്പതൂക്യൻ എന്ന് പറഞ്ഞ് പലരും സംസാരിച്ചപ്പോൾ ഇതിനപ്പുറം ആത്മാക്കളെ വീശിപ്പിടിക്കുന്ന ഒരു വലക്കാരനെ കാണുവാൻ അവർക്ക് കഴിഞ്ഞിരുന്നില്ല.
ഈ ലോകത്തിൽ ആരുടെയും മുമ്പിൽ അന്നത്തെ അപ്പത്തിനുവേണ്ടി കൈനീട്ടുവാനിടയാകാതെ മാന്യമായി ജീവിക്കുവാൻ അനേകർക്കും വഴികാട്ടുവാൻ അറിവിന്റെ വാതിൽ തുന്നുകൊടുത്തപ്പോൾ ഇത് ഇവിടുത്തെ കാര്യം, ഇതു കഴിയുമ്പോഴും മുമ്പിലൊരു ജീവിതം എന്ന് കണ്ടുകൊണ്ട് ഇതിനപ്പുറത്തേക്കൊരു കിനാവുകണ്ട തിരുമേനി.

**പൂത്തുലഞ്ഞ പൂമരം.**

ആരാധനാ ജീവിതത്തോട് വളരെ ഭയഭക്തി ആദരവായിരുന്നു തിരുമേനിക്ക് എവിടെ പോയിട്ടു വന്നാലും പ്രാർത്ഥനയുടെ സമയമാണെങ്കിൽ പ്രാർത്ഥനയിൽ സംബന്ധിച്ചതിനുശേഷമെ തിരുമേനി മുറിയിലേക്ക് പ്രവേശിച്ചിരുന്നുള്ളു. കേരളത്തിനു വെളിയിൽ ആത്മാക്കളെ ഉണർത്തുന്ന ഒരു കളരി, അതൊരു വലിയ ആഗ്രഹമായിരുന്നു. കേരളത്തിൽ നിന്നും യുവാക്കളെ വൈദീക പരിശീലനം പൂർത്തിയാക്കി കേരളത്തിനു വെളിയിലേക്ക് പ്രേഷിതരായി അയയ്ക്കുമ്പോൾ അവർ നേരിടുന്ന പ്രശ്നങ്ങൾ, പ്രത്യേകിച്ചും ഭാഷാപരമായ ബുദ്ധിമുട്ടുകൾ, ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല സുവിശേഷവയലുകളിൽ സംസാരഭാഷ മനസ്സിലാകാതെ ആശയവിനിമയം നടത്തുവാൻ കഴിയുകയില്ല എന്ന് തിരിച്ചറിഞ്ഞ തിരുമേനി ആത്മാർത്ഥമായി ആഗ്രഹിച്ചു ബാഹ്യകേരളത്തിനൊരു സെമിനാരി. പുതിയ തലമുറ നേരിടുന്ന ഒരു വലിയ പ്രശ്നം തന്നെയായിരുന്നു ഭാഷയുടെ പ്രശ്നം. വിശുദ്ധ കുർബ്ബാനയുടെ അർത്ഥമൊ വ്യാപ്തിയൊ മനസ്സിലാക്കാതെ നമ്മുടെ കുഞ്ഞുങ്ങൾ പ്രയാസപ്പെടുന്നതും ഭാഷ അറിയാത്ത ഒരു വൈദീകന്റെ അടുത്ത് ഒരു വിശുദ്ധ കുമ്പസാരം നടത്തുന്നതിന്റെ ബുദ്ധിമുട്ടും തിരുമേനി തിരിച്ചറിഞ്ഞു. തിരുമേനി അത് കാര്യമായി എടുക്കുകയും മാതൃഭാഷ വശമില്ലാത്ത യുവതലമുറയിൽ നിന്നും മാതൃഭാഷ മാത്രം പരിചയമുള്ളവരിൽ നിന്നും യുവാക്കളെ ചേർത്ത് പരസ്പരം ഭാഷകൾ മനസ്സിലാക്കി അവർക്ക് വൈദീക പരിശീലനം കൊടുത്ത് പുതിയ തലമുറകൾക്ക് ആത്മീയാഭ്യസനം നൽകുവാൻ തക്കവണ്ണം അവരെ സത്യ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ വേണ്ടി പരിശ്രമിച്ചു. ഈ നല്ല കാര്യത്തോട് ചേർന്നിന്നു പ്രവർത്തിച്ച ഓരോരുത്തരുടെ വാക്കുകൾക്ക് വിലകൊടുത്തുകൊണ്ട് മുന്നേറുവാൻ പ്രാർത്ഥനയോടെ ഇറങ്ങിത്തിരിച്ചു. അന്യനാട്ടിൽ ചെല്ലുമ്പോൾ അവരെ അന്യരായിക്കാണുവാനിടയാകാതെ അവരിലേക്ക് ഇറങ്ങിച്ചെല്ലുവാനും ദൈവസ്നേഹം പകർന്നേകുവാനും അവരുടെ ആവശ്യങ്ങളിൽ അത്താണിയാകുവാനും ആഗ്രഹിച്ചു. മിഷൻ വയലുകളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ ഭാഷാനൈപുണ്യം കുറവായതിനാൽ നിറഞ്ഞ ഒരു പുഞ്ചിരിയും ഒരു കൈകുപ്പലും സമ്മാനിച്ച്, കുട്ടികളെങ്കിൽ തലയിലൊന്നു തലോടി കടന്നു പോകുന്ന തിരുമേനി അവരുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും മിഷൻ വയൽ വലുതാക്കുവാനും യുവതീയുവാക്കളെ പരിശീലിപ്പിക്കുവാൻ ആഗ്രഹിച്ച് തുടങ്ങിയ മിഷൻ ട്രെയിനിംഗ് സെന്റർ വേണ്ടത്ര രീതിയിൽ ഫലമണിയാഞ്ഞപ്പോൾ മനസ്സിൽ ഉദിച്ചുയർന്ന ചിന്തയാണ് സെമിനാരി. അത്ദൈവഹിതമായിരുന്നതിനാൽ പരിശുദ്ധ സുന്നഹദോസ് അംഗീകാരം ലഭിച്ചുവെങ്കിലും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കേണ്ടതായിവന്നു. ആരംഭത്തിൽ ആവശ്യത്തിന് സ്ഥലസൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ ഭിലായ് മിഷൻ സെന്ററിൽത്തന്നെ തിരുമേനിയുടെ പൂർണ്ണ സമ്മതത്തോടെ 1995-ൽ 7 വിദ്യാർത്ഥികളെ ചേത്ത് സെമിനാരി ആരംഭിച്ചു.
കടമ്പനാട് നസ്രേത്തിൽനിന്നും സിസ്റ്റർ ഏലിസബേത്തിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് വന്ന സമയമായിരുന്നതിനാൽ പലപ്പോഴും തിരുമേനിയുടെ പ്രയാസത്തിൽ പങ്കുചേരുവാനും ഭക്ഷണക്രമീകരണങ്ങളിലൊക്കെ ആത്മാർത്ഥമായ സഹായങ്ങൾ ചെയ്യുവാനും ഇടയായിട്ടുള്ളത് സന്തോഷത്തോടെ സ്മരിക്കുന്നു. അങ്ങനെ ശൈശവകാലം പിന്നിട്ട സെമിനാരി നാല് വർഷങ്ങൾക്കുശേഷം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചപ്പോൾ ആ യാത്രപറച്ചിലിൽ ആ നിഷ്ക്കളങ്കമനസ്സ് വേദനിച്ചോ? ആവോ! അറിയില്ല. എന്നാലും ദൈവസന്നിധിയിൽ സമർപ്പിച്ച ആഗ്രഹം സഫലമണിഞ്ഞതിലുള്ള ആഹ്ളാദം മുഖത്ത് നിഴലിച്ചിരുന്നു.
ആദ്യകാലങ്ങളിൽ അദ്ധ്യാപകരായി വന്ന പല വൈദീകരും മെത്രാപ്പോലിത്തമാരായി ഭദ്രാസനങ്ങളെ ഭരിക്കുന്നു. അവരുടെ സേവനത്തിന് ദൈവം നൂറുമടങ്ങ് പ്രതിഫലം നൽകുമാറാകട്ടെ. പലരും നിത്യതയെ പ്രാപിച്ചു ദൈവസന്നിധിയിൽ ആത്മാക്കൾ സന്തോഷം അനുഭവിക്കട്ടെ. അഭിവന്ദ്യ തിരുമേനി ഇഹലോകവാസം വെടിഞ്ഞപ്പോൾ എത്രയോ യുവവൈദീകർ അൾത്താരയിൽ നിന്ന് തമ്പുരാന്റെ തിരുശരീരരക്തങ്ങളെ കൈകളിലെടുത്ത്



ആഘോഷിക്കുന്നത് കണ്ട് നിവൃതിയടയുവാൻ ആ കിനാവിന്റെ ഉടമസ്ഥന് കഴിഞ്ഞു. ഞാൻ തമ്പുരാന്റെ കൈകളിലേക്ക് വിട്ടുകൊടുക്കുന്നു അവിടുന്ന് എടുത്ത് ഉപയോഗിക്കട്ടെ എന്ന് എപ്പോഴും പറയാറുള്ള തിരുമേനി, ഇതാ ഞാൻ കർത്താവിന്റെ ദാസി എന്ന് പറഞ്ഞ് സ്വയം സമർപ്പിച്ച പരിശുദ്ധ അമ്മയെപ്പോലെ വിട്ടുകൊടുത്തുകൊണ്ട് ദൈവീക കൃപയുടെ ഉരുക്കുശാലയ്ക്ക് ആരംഭം കുറിക്കുകയായിരുന്നു..മറ്റുള്ള എല്ലാ സ്ഥാപനങ്ങളെക്കാളും തിരുമനസ്സിനെ ആത്മീയപുളകംകൊള്ളിച്ചത് സെമിനാരിയുടെ സ്ഥാപനമായിരുന്നു.

## തിരുമേനിയുടെ മനസ്സിലെ വൈദീകൻ

വൈദീകവൃത്തി ആത്മാക്കളുടെ നേട്ടമാണ്, പാപത്തിന്റെ ആഴത്തിൽ നിന്നുമുള്ള കോരിയെടുക്കലാണ്. സ്വർഗ്ഗരാജ്യത്തിലേക്കുള്ള എൻ.ഒ.സി ഒരുക്കലാണ്. നിത്യജീവങ്കലേക്കുള്ള പാതയൊരുക്കലാണ്. ആടുകളെ ഇടയന്റെ ആലയിലെത്തിക്കുന്ന ദൗത്യമാണ്. വൈദീകന്റെ ശ്വാസം ആടുകളുടെ ജീവശ്വാസമായിരിക്കണം, ഒരു നെടുവീർപ്പ് ആത്മാവിന്റെ രക്ഷയായിരിക്കണം. നെഞ്ചിൽ എരിയുന്നത് തീക്കനലായിരിക്കണം. കെട്ടുമ്പോൾ കെട്ടപ്പെടുന്നതും അഴിക്കുമ്പോൾ അഴിക്കുന്നതുമായ പരിശുദ്ധാത്മാവിന്റെ അഗ്നിക്കടൽ. ലോകത്തിൽ എന്തും നേടാം എന്നാൽ ഒരു ആത്മാവിനെ നേടുന്നത് ധന്യമുഹൂർത്തമാണ്. അത് സ്വർഗ്ഗത്തിലെ നിക്ഷേപമാണ്. ആ പുണ്യപിതാവിന്റെ ആശയും അതായിരുന്നു ആത്മാക്കളെ നേടുക. പാപപങ്കിലമായ ഇന്നത്തെ ലോകത്തിൽ ജനങ്ങളെ സത്യത്തിലേക്ക് വഴിനടത്തുവാൻ കൗദാശിക കർമ്മങ്ങളിലൂടെ കൈപിടിച്ചുയർത്തേണ്ടത് ആചാര്യനാണ്. ഇതൊരു ജോലിയൊ വേലയൊ അല്ല. ദൈവവിളിക്ക് ചെവികൊടുക്കലാണ്. ഇത് നേരത്തെ മനസ്സിൽ കണ്ടുകൊണ്ടാണ് അഭി .തിരുമേനി ഇങ്ങനെയൊരു തീരുമാനമെടുത്തത്. പണത്തിനൊ സ്ഥാനമാനങ്ങൾക്കൊ അപ്പുറത്തേക്കുള്ള ഒരു വീക്ഷണം. സ്ഥാപനങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടുവാൻ തിരുമേനി ആഗ്രഹിച്ചില്ല. അത് ഇവിടെ ആവശ്യമാണ് എന്നാൽ ആത്മാവിന്റെ നിലനിൽപ് അതിലും ആവശ്യമെന്ന് കരുതി. ഒരു അദ്ധ്യാപകൻ അറിവിന്റെ വാതിൽ തുറക്കുന്നു, ആചാര്യൻ ആത്മാവിന്റെ വാതിൽ തുറക്കുന്നു, അറിവ് ഇവിടെ അവസാനിച്ചാലും ആത്മാവ് നിത്യതയെ പ്രാപിക്കുന്നു. **ഒരു ആചാര്യനെ സംബന്ധിച്ചടത്തോളം വെറും അപ്പവീഞ്ഞുകളെ ക്രൂശിൽ യാഗമായ കർത്താവിന്റെ രക്തശരീരങ്ങളാക്കി മാറ്റുന്നു. ഇത് ഒരു അദ്ധ്യാപകനൊ ഒരു ഭിഷഗ്വരനൊ ചെയ്യുവാൻ പറ്റുന്ന കാര്യമല്ല. ഈ ലോകത്തിലെ നിലനിൽപിന് ഇവരൊക്കെയും അവരവരുടേതായ കടമകൾ ചെയ്യുന്നു. എന്നാൽ ആത്മനേട്ടം വൈദീകനെ ദൈവീകനാക്കുന്നു.**

പലപ്പോഴും തിരുമേനി പറയുന്നത് കേട്ടിട്ടുണ്ട് ചെയ്യുന്ന കാര്യങ്ങൾ വെറും ഒരു കടമയായിക്കരുതരുത് അതിൽ ആത്മാർത്ഥതവേണം. ഒരു കുഞ്ഞിനെ മാമോദീസാമുക്കുന്ന ആചാര്യന്റെ ഡയറിയിൽ ആ കുഞ്ഞിന്റെ പേരുണ്ടാവണം. ഒരു കുഞ്ഞിനെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കുന്ന ആചാര്യൻ താൻ ദൈവത്തിനുവേണ്ടി നേടിയ കുഞ്ഞാണിവൻ ഇവൾ എന്ന് എപ്പോഴും ഓർക്കുകയും പ്രാർത്ഥിക്കുകയും വേണം. ഒരു വിവാഹശുശ്രൂഷ നടത്തുന്ന ആചാര്യന്റെ ഡയറിയിൽ അവരുടെ പേരുകൾ ഉണ്ടായിരിക്കണം. ദൈവരാജ്യത്തിലേക്ക് ഒരുക്കുന്ന ആ കുടുംബത്തെ, താൻ നേടിയ കുഞ്ഞാടായി കരുതേണ്ടതാണ്. ഇവിടെ ഉത്തരവാദിത്വം എന്താണെന്ന് തിരിച്ചറിയേണ്ടതാണ്. അഭി തിരുമേനിയുടെ ഡയറിയിൽ വളരെക്കുറച്ച് പേരുകളെ ഉള്ളു. ഈ ശുശ്രൂഷയൊക്കെ മറന്നുപോകുന്നു എന്ന് ഒരിക്കൽ പറയുന്നതു കേൾക്കുവാനിടയായി. കാരണം നാട്ടിൽ നിന്നും വളരെ ദൂരെയായതിനാൽ നാട്ടുകാരും വിളിക്കുകയില്ല ഇവിടെയും അതൊരു

12th Memorial Feast 2019



നിർബന്ധമല്ല. (ഇപ്പോഴത്തെപ്പോലെ തിരുമേനിമാർ വിവാഹം മാമോദീസാ തുടങ്ങിയ ശുശ്രൂഷകൾ നടത്തുന്ന ഒരു പതിവും കുറവായിരുന്നു.) തിരുമേനിക്ക് അത് ഒരു പ്രശ്നവുമല്ലായിരുന്നു എന്നതായിരുന്നു യാഥാർത്ഥ്യം. അതുപോലെതന്നെ അംഗസംഖ്യ കുറവായ ഇടവകകൾ ആണെങ്കിൽ ആളുകളെ അറിയുവാനും അവരെ പേർ ചൊല്ലി വിളിക്കുവാനും അവരുടെ ആത്മീയമായ കാര്യങ്ങളിൽ സഹായിക്കുവാനും കഴിയും. പച്ചപ്പുല്ലും സ്വച്ഛജലവും ആവശ്യമായിരിക്കുന്നവരെ കണ്ടുപിടിക്കുവാനും കഴിയും.അല്ലെങ്കിൽ ഒരു ഇടവകയും ആത്മാർത്ഥമായ രീതിയിൽ ശുശ്രൂഷിക്കുവാൻ കഴിയാതെ വരും. ഒരു ഇടവകയിലെ ഓരോരോ വിശ്വാസിയുടെയും ആത്മീയ ഉന്നമനം ഇടയന്റെ പരിധിയിലുള്ളതാണ്. ലഭിക്കുന്ന വരുമാനത്തെക്കാളുപരി സ്വർഗ്ഗത്തിൽ ലഭിക്കുവാനിരിക്കുന്ന ആത്മീയ അഭിവൃത്തിക്കായിരിക്കണം പ്രാധാന്യം. ആത്മാക്കൾക്കുവേണ്ടിയുള്ള എരിവും ഉത്സാഹവും ഏല്പിച്ച ജോലിയെക്കുറിച്ചുള്ള ഉത്തരവാദിത്വവും ഉണ്ടാകുമ്പോൾ ജനങ്ങളെ ആ രീതിയിൽത്തന്നെ കാണുവാനും ഇടയാകും.

## ആടുകളുടെ കടമ


വൈദീകർ മനുഷ്യരാണ്. ബലഹീനതകളും കുറവുകളും ഒക്കെ ഉണ്ടാകാം. എന്നാൽ ഇടയനു കൊടുക്കുവാനുള്ള ബഹുമാനവും ഭയഭക്തിയും കൊടുക്കേണ്ടത് ആടിന്റെ കടമയാണ്. ഒരിടയനെ ആടാക്കി ചിന്തിക്കുവാനൊ ആട്ടിൻ കൂട്ടത്തിലേക്ക് വലിച്ചു താഴ്ത്തുവാനൊ ഒരു ശ്രമം ഉണ്ടാകരുത് കാരണം

**"ഉന്നത പദവിയിലേറിയിതാ ഇന്നിപ്പോൾ പട്ടക്കാരൻ അനുഭവിച്ചീടുന്നോർക്കായി അനുഷ്ഠിക്കുന്നീ കുർബ്ബാന",**

അവർ ഉന്നത പദവി അലങ്കരിക്കുന്നവരാണ്. അവിടെ അവർ ശോഭിതരാവാൻ അവർക്കുവേണ്ടി കണ്ണീരോടെ പ്രാർത്ഥിക്കണം. ശക്തിയേറിയ പ്രാർത്ഥന ഉന്നത പദവിയുടെ മഹത്വം തിരിച്ചറിയുവാൻ അവരെ സഹായിക്കും.

ഒരുവിത്ത് നല്ല നിലത്ത് പാകി കിളിർപ്പിച്ച് ആ വൃക്ഷം വളർന്നു പന്തലിച്ചു ഇവിടെ എത്ര ശിഖരങ്ങൾ, അതിലെല്ലാം നിറയെ പൂക്കൾ കായ്കൾ. ആത്മാവിൽ നിറഞ്ഞ ഒരു സുന്ദരവൃക്ഷം. അതിന്റെ ചുവട്ടിൽ നടുവിന് വടിയും ചാരി നിർനിമേഷനായി പുഞ്ചിരി പൊഴിച്ചുകൊണ്ട് അതാ ഒരാൾ നിൽക്കുന്നു. വിത്തുപാകിയ ആ പാവം കർഷകൻ. ആത്മാക്കൾക്കുവേണ്ടി വിത്തുപാകിയ കപ്പദുക്യൻ സന്യാസി. ആ മഹാത്മാവിന്റെ വിലയേറിയ സംഭാവന മറക്കാവതല്ല. വൃക്ഷം പടുവൃക്ഷമായാലും വടവൃക്ഷമായാലും തുടക്കം ഒരു പാവം മനുഷ്യന്റെ മനസിൽ നിന്നും വീണ ഒരു ചെറു വിത്തുതന്നെ.

**25 വർഷത്തെ സ്തുത്യർഹമായ സേവനത്തിന്റെ പരിമളോജ്ജ്വലമായ , സന്തോഷസമൃദ്ധമായ വേളയിൽ നാഗപ്പൂർ സെന്റ് തോമസ്സ് ഓർത്തഡോക്സ് സെമിനാരിക്കും, വെള്ളവും വളവുമേകി പരിപോഷിപ്പിക്കുന്നവർക്കും, ആത്മാക്കളെ നേടുവാൻ ദൈവം വിളിച്ച് വേർതിരിച്ചിരിക്കുന്നവർക്കും, അനുഗ്രഹപ്രദമായ രീതിയിൽ വൈദീകവൃത്തിയിലായിരിക്കുന്നവർക്കും എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും നേർന്നുകൊണ്ട് പ്രാർത്ഥനാപൂർവ്വം.**



12th Memorial Feast 2019

# നിത്യതയിൽ ജ്വലിച്ചു നിൽക്കുന്ന തേവോദോസിയോസ് തിരുമേനി.

എം.ജി.എം രാജൻ ഭിലായ്.



1924 ഒക്ടോബർ 2-ാം തീയതി കോട്ടയം പട്ടണത്തിലെ പാത്താമുട്ടം നഗരത്തിൽ കൈയ്യാലയത്ത് എന്ന കർഷകകുടുംബത്തിലെ ശ്രീമാൻ പാക്കോ കുര്യന്റെയും മറിയാമ്മ കുര്യന്റെയും മക്കളിൽ അഞ്ചാമനായി ജനിച്ച കുഞ്ഞിന് പുന്നൂസ് എന്ന് നാമകരണം ചെയ്തെങ്കിലും എല്ലാവരും പുന്നായി എന്ന ഓമനപ്പേരിനാലാണ് വിളിച്ചിരുന്നത്. ഉദയസൂര്യനെപ്പോലെ ശോഭിതനായിരുന്നു പുന്നൂസ്. ശാന്തപ്രകൃതത്തിന്റെ ഉടമയായിരുന്ന അദ്ദേഹത്തിന്റെ ചുണ്ടുകളിൽ നിഷ്ക്കളങ്കതയുടെ പുഞ്ചിരി സദാ വിടർന്നു നില്ക്കും. ഈ സ്വഭാവ വൈശിഷ്ട്യവും പുഞ്ചിരിയാർന്ന മുഖകാന്തിയും പുന്നായിയെ ഏവരുടെയും വാത്സല്യവാനാക്കി മാറ്റിയിരുന്നു. വളരെ ചെറുപ്പത്തിൽ സുഖമില്ലാതെ കിടപ്പിലായിരുന്ന പുന്നായിയെ കാണുവാൻ അയൽക്കാരനും പ്രമുഖ ജോതിഷ്യനും കൂടിയായിരുന്ന കൈത്തറ പാപ്പി വീട്ടിൽ എത്തി. വാടിത്തളർന്നു കിടക്കുമ്പോഴും ഓമനത്വം നിറഞ്ഞ മുഖവും ആ മുഖത്ത് തങ്ങി നിൽക്കുന്ന തേജസും കണ്ട് പാപ്പി ഇങ്ങനെ മൊഴിഞ്ഞു,, നാടും വീടും വിട്ട് പോകേണ്ടവനാണല്ലോ,എന്ന്. ക്രൈസ്തവരുടെയിടയിൽ ജോതിഷ്യ പണ്ഡിതനായിരുന്ന അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് കൂടിനിന്നവർ ഏവരും വിഷമിച്ചു. പ്രിയ മാതാവിന്റെ ദൃഷ്ടികളിൽനിന്ന് അശ്രുകണങ്ങൾ അണപൊട്ടിയൊഴുകി. അവരുടെയെല്ലാം അങ്കലാപ്പ് മനസ്സിലാക്കിയ അദ്ദേഹം തന്റെ പ്രവചനോദ്ദേശം വ്യക്തമാക്കി. കുഞ്ഞിന് നാശം ഭവിക്കുമെന്നല്ല പിന്നെയോ ജനിച്ച വീടും നാടും വിട്ട് വിദൂരതയിൽ ആത്മീയ ജീവിതം നയിക്കുവാൻ നിയോഗമുള്ളവനായിരിക്കുമെന്ന് സാരം. പിൽക്കാലത്ത് അത് അക്ഷരം പ്രതി സത്യമായിത്തീർന്നു.

പുരാതന കർഷക കുടുംബമായിരുന്നതിനാൽ സാമ്പത്തികമായി അല്പം പരുങ്ങലിലായിരുന്നു ആ സമയം തന്റെ കുടുംബം. പ്രയാസങ്ങളുടെ നടുവിലും പ്രാർത്ഥനാ ജീവിതത്തിലൂടെ സഹന ശക്തിയാർജ്ജിക്കുവാൻ ബാല്യത്തിൽത്തന്നെ പുന്നായിയ്ക്ക് കഴിഞ്ഞിരുന്നു. തന്റെ വീടിന് മുകളിലുള്ള കുന്നിലാണ് പാത്താമുട്ടം സ്ലീബാ പള്ളി സ്ഥിതി ചെയ്യുന്നത്. വന്ദ്യനായ എം.സി. കുറിയാക്കോസ് റമ്പാനാണ് ഈ പള്ളി സ്ഥാപിച്ചത്. അവിടെ താമസിച്ച് ആത്മീയ ശുശ്രൂഷകൾ നടത്തിക്കൊണ്ടിരുന്ന റമ്പാച്ചൻ തന്റെ ബന്ധുവീടായ കയ്യാലത്ത്വീട്ടിൽ പലപ്പോഴും സന്ദർശകനായിരുന്നു. ഈ അവസരങ്ങളിലൊക്കെ പുന്നായിയെ കാണുവാനിടയായ റമ്പാച്ചൻ ആ ബാലനിൽ തിളങ്ങി നിൽക്കുന്ന ദിവ്യത്വം മനസ്സിലാക്കി. ഇവൻ ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടവനാണെന്നുള്ള സത്യം മനസ്സിൽ സൂക്ഷിച്ചു. ഇത് ഒരു ദൈവീക നിയോഗമായിരുന്നു എന്നുള്ളതിന് സംശയമില്ല. അമ്മയുടെ പ്രാർത്ഥനാ ജീവിതവും ആചാരാനുഷ്ഠാനങ്ങളും പുന്നായിയുടെ ഹൃദയത്തിൽ ആത്മീയ വിത്തുകൾ പാകി. ചെറുപ്പത്തിലെ സ്കൂൾ വിട്ടു വന്നാൽ പുന്നൂസ് പള്ളിമേടയിലെത്തി റമ്പാച്ചനുമായി സംഭാഷണത്തിലേർപ്പെടും. സന്ധ്യാനമസ്ക്കാരം കഴിഞ്ഞുമാത്രമേ വീട്ടിൽ പോകാറുണ്ടായിരുന്നുള്ളു. പുന്നൂസിന്റെ പഠനകാര്യങ്ങളിലും റമ്പാച്ചൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിലുള്ള സംശയങ്ങൾ പറഞ്ഞുകൊടുക്കുവാൻ തുടങ്ങി. അതു മനസ്സിലാക്കിയ പള്ളിമേടയോടടുത്തു താമസിച്ചിരുന്ന പല കുട്ടികളും പുന്നായിയോടൊപ്പം മേടയിലെത്തി റമ്പാച്ചന്റെ ശിഷ്യത്വം സ്വീകരിച്ചു. ഈ അവസരത്തിൽ വിശ്വാസസത്യങ്ങളും ആരാധനാഗീതങ്ങളും പ്രാർത്ഥനകളുമൊക്കെ പരിശീലിപ്പിക്കുവാൻ റമ്പാച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പല അവസരങ്ങളിലും പുന്നൂസ് ഉൾപ്പെടെ ഏതാനും കുട്ടികൾ റമ്പാച്ചനോടൊപ്പം പള്ളിമേടയിൽ ഉറങ്ങുക പതിവായിരുന്നു. കുട്ടികൾ ഉറങ്ങിയതിനുശേഷവും അവരെ ഒന്നുകൂടി നോക്കിയതിനു ശേഷമേ റമ്പാച്ചൻ ഉറങ്ങാൻ പോവുകയുള്ളൂ. മറ്റുകുട്ടികൾ ഗാഢനിദ്രയിലായിക്കഴിയുമ്പോഴും അർദ്ധരാത്രിയുടെ മറവിൽ തന്റെ കിടക്കയിൽ മുട്ടിന്മേൽ നിന്ന് കണ്ണടച്ചു പ്രാർത്ഥിക്കുന്ന പുന്നായിയെ കാണുവാനിടയായിട്ടുള്ള റമ്പാച്ചൻ പുന്നായിയിൽ കുടികൊണ്ടിട്ടുള്ള ഈശ്വര ചൈതന്യം കണ്ടറിഞ്ഞു. അന്ധകാരത്താൽ ആവരണം ചെയ്ത പൈശാചിക ശക്തിയിൽ നിന്നും വേർതിരിച്ച് ഊതിക്കാച്ചിയെടുത്ത സ്വർണ്ണം പോലെ പുന്നായിയെ മാറ്റിയെടുക്കുവാൻ ശ്രദ്ധിച്ച റമ്പാച്ചൻ തന്റെ ആത്മീയ ഗുരുവും സഹോദരനും സ്നേഹിതനുമെല്ലാമെല്ലാമായി മാറിയപ്പോൾ ലൗകീകജീവിതത്തിന് കടിഞ്ഞാണിട്ടുകൊണ്ട് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുവാൻ പുന്നായിക്ക് കഴിഞ്ഞു.

വിദ്യാഭ്യാസത്തിനാവശ്യമായ ഫീസുകളും മറ്റും നൽകുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നിട്ടും അവയെല്ലാം തരണം ചെയ്ത് ഹയർ സെക്കന്ററിയും 1942-ൽ റ്റീച്ചേഴ്സ് ട്രയിനിംഗ് സർട്ടിഫിക്കേറ്റ് പരീക്ഷയും കഴിഞ്ഞ് നിൽക്കുന്ന കാലം ഒരു ശനിയാഴ്ച സന്ധ്യാനമസ്ക്കാരവും കഴിഞ്ഞ് പള്ളിമുറ്റത്തുകൂടി പുന്നയിയുമൊത്ത് മേടയിലേക്ക് നടക്കുമ്പോൾ മതിൽ ചരുവിലുള്ള പടിക്കെട്ടിന്മേൽ റമ്പാച്ചൻ ഇരുന്നു. ആകാശത്ത് പുഞ്ചിരി തൂകി നിൽക്കുന്ന ചന്ദ്രനിൽ നിന്നും ഒഴുകിവരുന്ന പൂനിലാവ്. കുന്നിൻ ചരുവ്കളിൽ ആയതിനാൽ തണുത്ത ഇളംകാറ്റ് അവരെ തഴുകിക്കൊണ്ടിരുന്നു. ആകാശത്തേക്കു നോക്കി നിൽക്കുന്ന പുന്നായിയെ കണ്ടപ്പോൾ അതുവരെ താൻ

മനസ്സിൽ രഹസ്യമായി സൂക്ഷിച്ചിരുന്ന ആഗ്രഹത്തിന്റെ ചുരുളഴിക്കുവാൻ തീരുമാനിച്ച റമ്പാച്ചൻ ഇങ്ങനെ പറഞ്ഞു, എനിക്ക് വളരെയധികം പ്രതീക്ഷകളുണ്ട്, ശോഭനമായ ഒരു ഭാവി നിനക്കുണ്ട്. നീ ഒരു അവിവാഹിതനായ പുരോഹിതനായിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിനക്കിഷ്ടമാണോ? പുന്നായിയുടെ ഹൃദയം തുടികൊട്ടി. താൻ പ്രതീക്ഷിരുന്നതുതന്നെ റമ്പാച്ചന്റെ വായിൽ നിന്നുകേട്ടപ്പോൾ ദിഗന്തങ്ങൾ പൊട്ടുമാറ് ഉച്ചത്തിൽ ഇഷ്ടമാണ് എന്നു വിളിച്ചു പറയുവാൻ പുന്നൂസ് ശ്രമിച്ചെങ്കിലും സന്തോഷാധികൃത്താൽ ഗദ്ഗതനായ അദ്ദേഹത്തിന്റെ അക്ഷികളിൽ നിന്നും ആനന്ദബാഷ്പങ്ങൾ അടർന്നുവീണു.

ഇതിനിടയിൽ എസ് എസ് എൽ സി പരീക്ഷ അദ്ദേഹം പാസായി. അതോടൊപ്പം തന്നെ റമ്പാച്ചനിൽ നിന്നും സുറിയാനി വിദ്യാഭ്യാസവും നേടിയിരുന്ന പുന്നൂസ് കൊല്ലവർഷം1122 മീനമാസം 22-ാം തീയതി (1946) പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ മുഖ്യ കാർമ്മീകത്വത്തിൽ ശെമ്മാശ്ശ പട്ടവും 1947-ൽ പരിശുദ്ധ ബാവായിൽ നിന്നുതന്നെ വൈദീക പട്ടവും സ്വീകരിച്ചപ്പോൾ വന്ദ്യ റമ്പാച്ചന്റെ അന്തരംഗം ആത്മസംതൃപ്തിയടയുകയായിരുന്നു. സ്ലീബാപള്ളിയുടെ ചുമതലകൾ നോക്കി നടത്തുവാൻ തന്റെ പിൻഗാമിയായി പുന്നൂസച്ചനെ തിരഞ്ഞെടുത്തതിനാൽ സ്ലീബാപള്ളിയിൽ റമ്പാച്ചനോടൊത്ത് താമസിച്ചുകൊണ്ട് പാച്ചിറ താബോർ പള്ളി, വാകത്താനം യരുശലേം പള്ളി, പള്ളം സെന്റ് പോൾസ് പള്ളി എന്നിവിടങ്ങളിൽ പുന്നൂസച്ചൻ വികാരിയായി സേവനമനുഷ്ഠിച്ചു.

ബ്രിട്ടീഷ്കാർ ഇന്ത്യ വിട്ടതോടെ ഉത്തരഭാരതത്തിലുള്ള പലപള്ളികളും ആരാധനാലയങ്ങളും ഉപയോഗശൂന്യമായി. ത്യാഗസമ്പന്നരായ യുവവൈദീകർ അവിടേക്ക് കടന്നുചെന്ന് പ്രവർത്തിക്കുവാൻ തയ്യാറായാൽ ആ പള്ളികൾ അവിടെയൊക്കെയുള്ള ആളുകളുടെ ആവശ്യങ്ങൾക്കായി വിട്ടുകിട്ടുവാൻ ഇടയാകും. വന്ദ്യനായ പത്രോസ് റമ്പാച്ചൻ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) വടക്കേന്ത്യൻ സന്ദർശനത്തിനു ശേഷം നാട്ടിൽ തിരിച്ചെത്തി ഓർത്തഡോക്സ് സഭയുടെ മുഖപത്രമായ മലങ്കരസഭ യിൽ എഴുതിയ ലേഖനം വായിക്കുവാനിടയായ പുന്നൂസച്ചൻ പത്രോസ് റമ്പാച്ചനെ കണ്ട് വിവരങ്ങൾ ശേഖരിച്ചു. ജബൽപൂരിലുള്ള ആംഗ്ലിക്കൻ ഗാരിസൻ ചർച്ചും 5 ഏക്കർ സ്ഥലവും അവിടെയെത്തി എത്രയും വേഗം ഏറ്റെടുത്ത് ഓർത്തഡോക്സ് സഭയ്ക്ക് മുതൽക്കൂട്ടാക്കണമെന്ന് പുന്നൂസച്ചൻ തീരുമാനിച്ചു. വളരെ ബദ്ധപ്പെട്ട് കുറിയാക്കോസ് റമ്പാച്ചന്റെ അനുമതി നേടി 1952 ഏപ്രിൽ മാസം 1-ാം തീയതി പുന്നൂസച്ചൻ ജബൽപൂരിലെത്തി. നമ്മുടെ സഭാമക്കൾ അദ്ദേഹത്തെ സന്തോഷ പുരസരം സ്വീകരിച്ചു. അവരോടു ചേർന്ന് പുന്നൂസച്ചൻ അധികാരികളെ കണ്ട് പള്ളിയും അഞ്ചേക്കർ സ്ഥലവും ഓർത്തഡോക്സ് സഭയ്ക്ക് സ്വന്തമാക്കി. ജബൽപൂരിലേക്കുള്ള പുന്നൂസച്ചന്റെ വരവ് തന്റെ ജീവിത പടവുകൾ ചവിട്ടിക്കയറുവാനുള്ള ഒരു യാത്രയുടെ തുടക്കവും ഉത്തര ഭാരതത്തിൽ മലങ്കര ഓർത്തഡോക്സ് സഭ വേരൂന്നി പടർന്ന് പന്തലിക്കുവാനുള്ള അവസരവുമായിരുന്നു എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. **അഞ്ചുവർഷമായി പൂട്ടിയിട്ടിരുന്ന ജബൽപൂർ പള്ളി വൃത്തിയാക്കി ആരാധനാ യോഗ്യമാക്കി തീർക്കുവാനും പരിസരം വൃത്തിയാക്കുന്നതിനുമായി അച്ചൻ അനുഭവിച്ച യാതനകളും ഏതാണ്ട് 20 കിലോമീറ്റർ ദൂരത്ത് വിജനമായ സ്ഥലത്തുള്ള ഒരു മുറിയിലെ താമസവും ആഹാരം പോലും സമയത്തിന് കിട്ടുവാൻ കഴിയാതിരുന്ന സാഹചര്യങ്ങളും വളരെയധികം ദൂരങ്ങളിൽ സൈക്കിൾ ചവിട്ടിയുള്ള യാത്രയും മറ്റും വർണ്ണനാതീതമാണ്. പ്രതിസന്ധികളുടെ നടുവിലും**



**ഉപരിപഠനത്തിനു ശ്രമിച്ച് ഊണും ഉറക്കവും വിശ്രമവുമില്ലാതെ പരിശ്രമിച്ച് സഭാമക്കളുടെ ആദ്ധ്യാത്മികകാര്യങ്ങൾ മുടക്കം കൂടാതെ നടത്തിയും ബി.എ യും, എം എയും ഉന്നതനിലവാരത്തോടെ പാസായി.**

അച്ചന്റെ പ്രവർത്തനങ്ങൾ മനസിലാക്കിയ ചുറ്റുപാടുമുള്ള സഭാമക്കൾ വിശുദ്ധ കുർബ്ബാന നടത്തി അവരെ അനുഗ്രഹിക്കണമെന്ന് അഭ്യർത്ഥിക്കുവാൻ തുടങ്ങി. സമയോജിതം പോലെ എല്ലായിടത്തും എത്തി അവരുടെ ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് അച്ചൻ ശ്രദ്ധിച്ചപ്പോൾ അവിടെയെല്ലാം ഇടവകകൾ രൂപീകൃതമായി. ഓർത്തഡോക്സ് സഭാംഗങ്ങളുടെ ആഗ്രഹപ്രകാരം ഭിലായിലെത്തി 1958 ആഗസ്റ്റ് 15-ാം തീയതി ക്യാമ്പിലുള്ള ഒരു സ്ക്കൂളിന്റെ വരാന്തയിൽ ക്രമീകരിച്ച താൽക്കാലിക മദ്ബഹായിൽ വി. കുബ്ബാന ചൊല്ലി. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക സ്ഥാപിച്ചത് പുന്നൂസച്ചനായിരുന്നു.

1975-ൽ ഈ പള്ളിയുടെ വികാരിയായി സേവനം അനുഷ്ഠിക്കുമ്പോഴാണ് കെ.കെ. പുന്നൂസച്ചൻ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതും. മലങ്കര സഭയിൽ ഒരു മെത്രാച്ചൻ ഇടവക വികാരിയായി സേവനം അനുഷ്ഠിച്ചിരുന്നുവെന്നുള്ള ഭാഗ്യവും ഭിലായ് മാർ ഗ്രിഗോറിയോസ് കത്തീഡ്രലിന് മാത്രമാണെന്നുള്ളതെന്നതും സന്തോഷപുരസ്സരം ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

തുടർന്ന് അച്ചന്റെ സേവനങ്ങൾ ബോംബെ, ദാദർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചു. ഇവിടെയെല്ലാം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച അച്ചന്റെ വിജയങ്ങൾ മനസ്സിലാക്കിയ സഭാ നേതൃത്വം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കടലിനക്കരെയുള്ള മറ്റ് ഇടവകകളിലേക്കും നല്കുവാൻ ആഗ്രഹിച്ചു. 1961-ൽ അദ്ദേഹത്തെ മലയാ, സിംഗപ്പൂർ ഇടവകയുടെ വികാരിയായി നിയോഗിച്ചു. അവിടെയും അച്ചന് വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നു. വിമാനയാത്ര ചിലവ് കൂടുതലാകയാൽ കപ്പൽമാർഗ്ഗമാണ് അച്ചൻ യാത്ര ചെയ്തിരുന്നത്. ഈ യാത്രയിൽ കോലാലമ്പൂരിലിറങ്ങി അവിടെയും ഇടവക സ്ഥാപിച്ചു. അമേരിക്കയിലെത്തി വേദശാസ്ത്ര പഠനം ആരംഭിച്ച്. ബി.ഡി. ഡിഗ്രി കരസ്ഥമാക്കിയതും ഈ സമയത്താണ്. ബെർക്കിലി യൂണിവേഴ്സിറ്റിയിൽ നിന്നും എസ്. റ്റി.എം ഡിഗ്രിയും കഠിനാദ്ധ്വാനത്തിലൂടെ അദ്ദേഹം കരസ്ഥമാക്കി. ഈ അവസരത്തിൽത്തന്നെ യരുശലേം ദമാസ്ക്കസ്, ഏദൻസ് തുടങ്ങിയ വിശുദ്ധ നാടുകളും അനേകം വിദേശ രാജ്യങ്ങളും സന്ദർശിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ബഹറിനിൽ വികാരിയായി 1967-ൽ അച്ചൻ എത്തിയതിനു ശേഷമാണ് അവിടെ ഓർത്തഡോക്സ് സഭയ്ക്ക് ഒരു പള്ളി പണിയുവാൻ കഴിഞ്ഞത്. അവിടെയും വളരെയധികം പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അബുദാബിയിലും മാസത്തിലൊരിക്കലെത്തി ആരാധനകൾ നടത്തുന്നതിന് അച്ചൻ ശ്രമിച്ചിരുന്നു. ഇവിടെയും പള്ളി പണിതത് അച്ചനായിരുന്നു.

തന്റെ വൈദീക ജീവിതത്തിന്റെ പടിക്കെട്ടുകൾ ആത്മവിശുദ്ധിയോടെ ചവിട്ടിക്കയറി 25 വർഷം പൂർത്തിയാക്കിയത് ബഹറിനിൽ വികാരിയായിരിക്കുമ്പോഴായിരുന്നു. ജൂബിലിയാഘോഷം ബഹറിനിൽ വച്ച് ആഘോഷിച്ച അച്ചൻ തുടർന്ന് ഒരു മുഴുവൻ സമയ മഷ്നറിയായി പ്രവർത്തിക്കുവാൻ ആഗ്രഹിച്ചു. രോഗി ഇശ്ചിച്ചതും വൈദ്യൻ കല്പിച്ചതും പാലെന്നപോലെ അച്ചന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. 1972 ജൂലൈ 3-ാം തീയതി സെന്റ് തോമസിന്റെ 1900-ാം ചരമവാർഷീകമാഘോഷിക്കുമ്പോൾ ഭിലായ് കേന്ദ്രമാക്കി സെന്റ് തോമസിന്റെ നാമധേയത്തിൽ സ്ഥാപിക്കുവാൻ പോകുന്ന ഭിലായ് മിഷൻ സെന്ററിന്റെ ചുമതലക്കാരനായി പുന്നൂസച്ചനെ നിയമിച്ചുകൊണ്ട് അന്നത്തെ ബാഹ്യകേരള മെത്രാപ്പോലിത്താ ആയിരുന്ന മാത്യൂസ് മാർ അത്താനാസിയോസ് ( പിന്നീട് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ)



12th Memorial Feast 2019

തിരുമേനി എം.വി. ജോർജ്ജ് അച്ചൻ (പിന്നീട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ്) മുഖാന്തിരം പുന്നൂസച്ചനെ അറിയിക്കുകയും സന്തോഷപുരസ്സരം അദ്ദേഹം ആ ചുമതലയോടൊപ്പം ഭിലായ് എം.ജി. ഒ ചർച്ചിന്റെ വികാരിയുമായി ചുമതല ഏറ്റെടുത്തു. 1974 ഒക്ടോബർ 2-ാം തീയതി നിരണം വലിയ പള്ളിയിൽ വച്ചു കൂടിയ മലങ്കര അസ്സോസിയേഷൻ പുന്നൂസ് അച്ചനെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും 1975 ഫെബ്രുവരി 16-ാം തീയതി സ്തേഫാനോസ് മാർ തേവോദോസിയോസ് എന്ന പേരിൽ മെത്രാനായി വാഴിക്കുകയും ചെയ്തു.

1976-ലാണ് ബാഹ്യ കേരളം വിഭജിക്കപ്പെട്ട് മദ്രാസ്, ബോംബെ, കൽക്കട്ടാ, അമേരിക്ക എന്നീ ഭദ്രാസനങ്ങൾ രൂപീകരിക്കപ്പെട്ടത്. അപ്പോൾ മദ്രാസ് ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലിത്ത ആയും മദ്രാസ് ഭദ്രാസനം വീണ്ടും വിഭജിച്ച് 1979-ൽ കൽക്കട്ടാ ഭദ്രാസനം രൂപം കൊണ്ടപ്പോൾ ആ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്ത ആയും തേവോദോസിയോസ് തിരുമേനി ചുമതലയേറ്റു. ഒരു മെത്രാപ്പോലിത്ത എന്ന നിലയിൽ അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെയും ഭദ്രാസനം കൈവരിച്ച നേട്ടങ്ങളെയും കുറിച്ച് സ്ഥലപരിമിതിമൂലം ഞാൻ വിവരിക്കുന്നില്ല. അദ്ദേഹത്തിന്റെ സ്തുത്യർഹമായ സേവനങ്ങളെയും പ്രവർത്തനങ്ങളെയും മനസ്സിലാക്കി 1990-ൽ ന്യൂയോർക്ക് ജനറൽ തിയോളജിക്കൽ സെമിനാരി ഡോക്ടറേറ്റ് നൽകി അദ്ദേഹത്തെ ആദരിച്ചു. കേരളത്തിന് പുറത്ത് ജനിച്ച് വളർന്ന കുഞ്ഞുങ്ങൾക്ക് വിശുദ്ധ കുർബ്ബാന കൂടുതൽ ഹൃദ്യസ്തമാക്കുന്നതിനുവേണ്ടി ഹിന്ദിയിൽ കുർബ്ബാന തക്സ ഹിന്ദി പ്രൊഫസറായിരുന്ന ശ്രീമാൻ കെ. എം. കുറിയാക്കോസ് അവറുകളെ ചുമതലപ്പെടുത്തി. അതിനുവേണ്ടി മുൻകൈ എടുത്തു പ്രവർത്തിച്ചത് തിരുമേനിയായിരുന്നു. അതുപോലെ തന്നെ ഉത്തര ഭാരതത്തിൽ വൈദീകരെ പരിശീലിപ്പിക്കുന്നതിനായി ഒരു സെമിനാരി ആരംഭിക്കണമെന്ന തിരുമേനിയുടെ അതിയായ ആഗ്രഹത്തിന്റെയും ദൃഢപ്രതിജ്ഞയുടെയും പരിണിത ഫലമാണ് കൽക്കട്ടാ ഭദ്രസനാസ്ഥാനമായ ഭിലായ് സെന്റ് തോമസ് ആശ്രമത്തിൽ ആരംഭിച്ച് പിന്നീട് നാഗപ്പൂരിലേക്ക് മാറ്റിസ്ഥാപിക്കപ്പെട്ട നാഗപ്പൂർ സെന്റ് തോമസ്സ് ഓർത്തഡോക്സ് സെമിനാരി.

ഉത്തരഭാരത ഗ്രാമോദ്ധാരണത്തിന്നായി അഹോരാത്രം പ്രവർത്തിച്ച പിതാവ് ഊണും ഉറക്കവുമില്ലാതെ ചെളിക്കുണ്ടിലൂടെ കാൽനടയായി സഞ്ചരിച്ച് പാവപ്പെട്ടവന്റെ അത്താണിയായിത്തീർന്നു. കരയുന്നവരുടെ കണ്ണീരൊപ്പി, വിശക്കുന്നവന്റെ വിളി മനസ്സിലാക്കി, രോഗികളെ ശുശ്രൂഷിച്ചു. ഇരുളടഞ്ഞുകിടന്ന സ്ഥലങ്ങളിലെല്ലാം പ്രകാശധാരയായി എത്തി. വിദ്യാവിഹീനരെ അഭ്യസ്ഥവിദ്യരാക്കുവാൻ അഹോരാത്രം പരിശ്രമിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തി. പണ്ഡിതനെയും പാമരനെയും സ്വദേശിയെയും വിദേശിയെയും ഹിന്ദുവിനെയും ക്രിസ്ത്യനേയും മുസ്ലീമിനെയും ഒന്നുപോലെ കണ്ട് പുഞ്ചിരിക്കുന്ന മുഖവുമായി അവരെ സമീപിച്ചിരുന്ന തേവോദോസിയോസ് തിരുമേനി പാവങ്ങളുടെയും അശരണരുടെയും ബഡാബാബാ ആയി മാറി. നിർദ്ധനരുടെ ഉദ്ധാരണത്തിനായി അനേക പ്രസ്ഥാനങ്ങൾ പടുത്തുയർത്തി. വളരെയധികം പ്രവർത്തനങ്ങൾ വിഭാവന ചെയ്തുവെങ്കിലും അവ തുടങ്ങുന്നതിനൊ പൂർത്തീകരിക്കുന്നതിനൊ മുമ്പ് ഈ പിതാവ് 2007 നവംബർ 5-ാം തീയതി ഇഹലോകവാസം വെടിഞ്ഞ് നിത്യതയിലേക്ക് ചേർക്കപ്പെട്ടു.

തേവോദോസിയോസ് പിതാവിന്റെ കാലശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായി എത്തിയ അഭിവന്ദ്യ.ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനി തന്റെ മുൻഗാമിയുടെ ദൗത്യം ഏറ്റെടുത്ത് തേവോദോസിയോസ് തിരുമേനിയുടെ സ്വപ്നസാക്ഷാത്കരണത്തിനായി അഹോരാത്രം പരിശ്രമിക്കുന്നു. പല പദ്ധതികളും പൂർത്തീകരിക്കുവാനും പുതുതായി പല പദ്ധതികളും ആരംഭിക്കുവാനും ദിവന്നാസോസ്യസ് തിരുമേനക്ക് കഴിഞ്ഞു വെന്നുള്ളത് ചാരിതാർത്ഥ്യമാണ്.

വിദ്യാർത്ഥി പ്രസ്താനത്തെയും യുവജനപ്രസ്താനത്തേയും അളവറ്റ് സ്നേഹിച്ച തേവോദോസിയോസ് തിരുമേനി പ്രവർത്തനങ്ങളിലൂടെ പ്രതിജ്ഞാബദ്ധരാകുവാൻ അവരെ ആഹ്വാനം ചെയ്തു. എപ്പോഴും യുവജനപ്രസ്താന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവർക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടിരുന്ന തേവോദോസിയോസ് തിരുമേനിയെ നെഞ്ചിലേറ്റി സ്നേഹിക്കുവാൻ, ആദരിക്കുവാൻ യുവാക്കളും വിദ്യാർത്ഥികളും ഉത്സുകരായി. അദ്ദേഹത്തിന്റെ ഉപദേശങ്ങളും പ്രവർത്തനശൈലികളും താഴ്മയാർന്ന ജീവിതവും പിൻപേ വരുന്നവരിലേക്ക് കൈമാറുവാൻ അവർ ഉത്സുകരായി. അതുകൊണ്ടുതന്നെ തേവോദോസിയോസ് തിരുമേനി ഇന്നും ജീവിക്കുന്ന പിതാവായി ഉത്തരഭാരതത്തിന്റെ അപ്പോസ്തലനായി നമുക്കു മുമ്പിൽ ജ്വലിച്ചു നിൽക്കുന്നു.

**തേവോദോസിയോസ് തിരുമേനിയെക്കുറിച്ച് ഓർക്കുമ്പോൾ:-**

*ഉയരങ്ങളിലിരിക്കാതെ താഴേക്കിറങ്ങി വന്നതിനാൽ നമുക്ക് അദ്ദേഹത്തെ സ്പർശിക്കുവാൻ കഴിഞ്ഞു.

*നമ്മെ സ്പർശിച്ചതിനാൽ ദൈവീക സ്നേഹം നാം കണ്ടു.

*ശ്രേഷ്ഠ മഹാപുരോഹിതന്മാരും ഉന്നതസ്ഥാനികളും സാധാരണ ജനങ്ങളിൽനിന്ന് വേർപെട്ട് ഒരു മതിലിനപ്പുറത്തും ഇപ്പുറത്തുമായി നില്ക്കുമ്പോൾ ആ വേർതിരിക്കലിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് നമ്മോടുചേർന്ന് നിന്ന് നമ്മെ ശുശ്രൂഷിച്ചതിനാൽ ആ ആർദ്രമായ സ്നേഹം രുചിച്ചറിയുവാൻ നമുക്കു കഴിഞ്ഞു.

*അദ്ധ്യാപകവൃത്തിയിലൂടെ അല്ലാതെ സ്നേഹമായ പെരുമാറ്റത്താലും താഴ്മയായ ജീവിതരീതിയിൽ കൂടിയും വിനയം നിറഞ്ഞ സംഭാഷണങ്ങളാൽ ഉപദേശങ്ങൾ നല്കിയും അറിവിന്റെ പ്രകാശമേകി ഗുരുവായിത്തീർന്നു.

*തന്റെ പ്രവർത്തനങ്ങളിൽ കൂടി ജനതയുടെ കണ്ണുതെളിയിച്ച് പാപപ്പെട്ടവരെ ഉദ്ധരിക്കുവാൻ സഹായിച്ച് ഒരു ദർശനമെന്നോണം അദ്ദേഹം പ്രവർത്തിച്ചു.

*വിദ്വേഷമില്ലാതെ സരളതയുടെ പുഞ്ചിരി ആ മുഖത്ത് സദാ തെളിഞ്ഞു നിന്നു. ദേഷ്യപ്പെടാറില്ലായിരുന്നു. ക്രിസ്തു തന്റെ മനസ്സിലുണ്ടായിരുന്നതിനാൽ ആ മുഖം എപ്പോഴും പ്രകാശിതമായിരുന്നു. അഭിനയമില്ലാത്ത സ്വാഭാവികമായ ജീവിതം നയിച്ചു.

മരണനാഴികപോലും മുൻകൂട്ടി അറിഞ്ഞ് അവസാനസമയംവരെ ദൈവീക ശുശ്രൂഷകൾ നടത്തിയ പരിശുദ്ധനായ ഒരു മുനിശ്രേഷ്ഠനായിരുന്നു മാർ തേവോദോസിയോസ് തിരുമേനി. അദ്ദേഹം കാട്ടിത്തന്ന ജീവിതമാർഗ്ഗത്തിൽ കൂടി സഞ്ചരിച്ച് ഈ താപസശ്രേഷ്ഠന്റെ കാലടികളെ പിൻതുടർന്ന് അഭയം പ്രാപിച്ച് ധന്യരായിത്തീരുവാൻ നമുക്ക് കഴിയണം.

സംപൂജ്യനായ ആ ത്യാഗിവര്യന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടും ഭൗതീക ശരീരം അന്ത്യവിശ്രമം കൊള്ളുന്ന ഭിലായ് സെന്റ് തോമസ്സ് ആശ്രമ ചാപ്പലിലുള്ള കബറിടത്തിൽ നിറകണ്ണുകളോടെ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ഈ ലേഖനത്തിന് വിരാമമിടട്ടെ.

**പ്രവാസത്തിൽ ജീവിച്ച് പ്രവാസത്തിൽ കാലംചെയ്ത് പ്രവാസത്തിൽതന്നെ കബറടങ്ങിയ മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു പിതാവ് ഇദ്ദേഹം മാത്രമാണ്.**



# ക്രിസ്തുവിന്റെ പുനരുത്ഥാന സന്ദേഹം ലോകത്തിൽ നിന്നും തുടച്ചു നീക്കിയ സന്ദേഹകനും മലങ്കര നസ്രാണികളുടെ സഭാജനകനും ആയ പരിശുദ്ധ തോമ്മാശ്ളീഹ. (മലങ്കര നസ്രാണി ചരിത്രത്തിലൂടെ ഒരു തിരനോട്ടം)

പി.സി. തോമസ്, റായ്പൂർ

നമ്മുടെ സഭ ഭാരതത്തിലെ ഏറ്റവും പുരാതനമായ സഭയും ലോകത്തിലെ ഏറ്റവും പുരാതനമായ സഭകളിൽ ഒന്നുമാണ്. കർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായ തോമാശ്ളീഹായാൽ സ്ഥാപിതമാണ് ഈ സഭ.


**തോമാശ്ളീഹായുടെ ഇന്ത്യയിലേക്കുള്ള വരവിനെക്കുറിച്ച് രണ്ട് പാരമ്പര്യങ്ങളുണ്ട്.**

**1. ഉത്തരേന്ത്യൻ പാരമ്പര്യം**

എ.ഡി 180നും 230നും ഇടയിൽ എഡേസാ ദേശക്കാരനായ ഒരു പണ്ഡിതൻ ചമച്ചതായിരിക്കാമെന്ന് ചരിത്രകാരന്മാർ കരുതുന്ന „യൂദാസ് തോമസിന്റെ പ്രവർത്തനങ്ങൾ„ Acta Thoma എന്ന സുറിയാനി അപ്പോക്രഫൽ ഗ്രന്ഥമാണ് ഇതിനുള്ള പ്രധാന ആധാരം. 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം വരെയും ചരിത്രകാരന്മാരുടെ ഇടയിൽ ഈ ഗ്രന്ഥത്തിന് വലിയ സ്ഥാനമില്ലായിരുന്നു. കാരണം ഇതിലുള്ളതെല്ലാം സാങ്കല്പികമാണ് എന്നായിരുന്നു അവരുടെ അഭിപ്രായം. എന്നാൽ അടുത്ത കാലത്ത് ഈ ഗ്രന്ഥത്തിന് ചരിത്ര പരമായി പ്രാധാന്യമുണ്ടെന്ന് ചരിത്രകാരന്മാർ മനസ്സിലാക്കി.


''Acta Thoma'' ചൂണ്ടിക്കാണിക്കുന്നത് സെന്റ് തോമസ്സ് ഗോണ്ടഫോറസ് രാജാവിന്റെ രാജ്യത്ത് സുവിശേഷം അറിയിക്കുകയും ക്രിസ്തുമതത്തെ സ്ഥാപിക്കുകയും ചെയ്തു എന്നാണ്. ഗോണ്ട ഫോറസ് ഒരു ചരിത്ര പുരുഷനായിരുന്നു എന്നതിന് തെളിവ് അദ്ദേഹത്തിന്റെ പേരിലുള്ള നാണയങ്ങൾ 19-ാം നൂറ്റാണ്ടിൽ വെളിച്ചത്തു വന്നിട്ടുണ്ട് എന്നുള്ളതാണ്. ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിലും അതിനു ശേഷവുമായി അഫ്ഗാനിസ്ഥാൻ, പഞ്ചാബ് എന്നീ പ്രദേശങ്ങൾ ചേർന്നു കിടക്കുന്ന രാജ്യത്ത് ഭരിച്ചിരുന്ന ആളാണ് ഗോണ്ടഫോറസ് എന്ന് ഉറപ്പിച്ചു പറയുന്നു.

മാർ തോമാശ്ലീഹായുമായി ബന്ധമുള്ള ഒരു പ്രധാന നഗരമായിരുന്നു വടക്കെ മെസപ്പെട്ടോമയിലെ ഉറഹാ അഥവാ എഡേസാ. പണ്ഡിതന്മാർ പറയുന്നത് മെസപ്പെട്ടോമിയായിൽ നിന്നും പേർഷ്യ മേദ്യ വഴി അപ്പോസ്തലൻ ഇന്ത്യയിൽ വന്നു എന്നാണ്. കൂടാതെ അപ്പോസ്തലന്റെ തിരുശേഷിപ്പ് ഇന്ത്യയിൽ നിന്നും എഡേസയിലേക്ക് കൊണ്ടുപോയതായി ഒരു പാരമ്പര്യമുണ്ട്. എന്തായാലും തോമാ ശ്ലീഹായും എഡേസയുമായി വളരെ ബന്ധമുണ്ടായിരുന്നു. അദ്ദേഹം ഭാരതത്തിൽ നിന്നും അങ്ങോട്ടയച്ച കത്തുകൾ വളരെ ബഹുമാനപൂർവ്വം സൂക്ഷിക്കുന്നുവെന്ന് ആക്ടാ തോമാ ഗ്രന്ഥകാരൻ മനസ്സിലാക്കി തന്റെ ഐതിഹാസിക ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏതായാലും വടക്കെ ഇന്ത്യയിൽ ഗോണ്ടഫോറസ് രാജാവിന്റെ കാലത്ത് മാർ തോമാശ്ലീഹാ സുവിശേഷം അറിയിച്ചതായി ചരിത്രകാരന്മാരിൽ ഒരു നല്ല പങ്ക് ആളുകളും പറയുന്നുണ്ട്. 13-ാം നൂറ്റാണ്ടിലെ



ചരിത്രകാരനായ ബാർഎബ്രായാ തന്റെ സഭാചരിത്ര ഗ്രന്ഥത്തിൽ ഇത് എടുത്തു കാണിക്കുന്നുണ്ട്.

"St. Thomas preached the Gospel of Christ in the East, In the second year of Ascension of Our Lord, on his way to India, he preached to the Mazdais and Persians. In his travel to India, he evangelised in Tigris also''. 13-ാം നൂറ്റാണ്ടിൽത്തന്നെ ബസ്രായിലെ നെസ്തോറിയൻ ബിഷപ്പായിരുന്ന ശലോമോൻ എഴുതിയ തേനീച്ചയുടെ ഗ്രന്ഥത്തിൽ (The Book of Bee) ഇപ്രകാരം പറയുന്നു:- തോമസ് യരുശലേംകാരനും യഹൂദാ ഗോത്രത്തൽ പെട്ടവനും ആയിരുന്നു. അദ്ദേഹം പാർത്ഥ്യ, മേദ്യ, ഇന്ത്യ എന്നീ നാട്ടുകാരോട് സുവിശേഷം അറിയിച്ചു. അപ്പോസ്തലൻ വടക്കെ ഇന്ത്യയിൽ വന്ന സമയത്തെക്കുറിച്ച് വ്യക്തമായ രേഖകൾ ഇല്ല, മിക്ക ചരിത്രകാരന്മാരും മാർ തോമ്മാശ്ലീഹായുടെ ഉത്തരേന്ത്യൻ വരവ് എ ഡി 40 ഓ അതിനടുത്തൊ അതിനു ശേഷമൊ ആയിരിക്കാമെന്നു കരുതുന്നു. വടക്കെ ഇന്ത്യയിൽ കുഷാർ രാജവംശത്തിന്റെ അവസാനഘട്ടത്തിലാണ് ശ്ലീഹാ ആ



രാജ്യത്തു ചെന്ന് സുവിശേഷം അറിയിച്ചതെന്നും അവിടെ അദ്ദേഹം സ്ഥാപിച്ച പള്ളികൾ നാമാവശേഷം ആയിപ്പോയെന്നും ഡോ. സി.വി. ചെറിയാൻ തന്റെ ചരിത്ര ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വടക്കെഇന്ത്യയിലുള്ള Thomas Bugguds എന്ന സമൂഹം ആദിമ ക്രിസ്തീയ സഭയിലെ അംഗങ്ങളായിരുന്നവെന്ന് കരുതുന്നു. കുഷാർ സാമ്രാജ്യത്തിന്റെ ശിഥിലീകരണ കാലത്താണ് തോമാശ്ലീഹാ അവിടെ ചെന്നതെന്ന് പറയപ്പെടുന്നു.

### 2.ദക്ഷിണേന്ത്യൻ പാരമ്പര്യം.

വടക്കേഇന്ത്യൻ പാരമ്പര്യത്തിൽ നിന്നും വളരെ വ്യത്യസ്തമാണിത്. എ.ഡി 52-ൽ മാർ തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ (മുസ്രീസ്) വന്നിറങ്ങി. വിദേശബന്ധം നിലവിലിരുന്ന കേരളക്കരയിലെ പ്രധാന തുറമുഖമായിരുന്നു കൊടുങ്ങല്ലൂർ. ഈ പാരമ്പര്യത്തിന് ഉറപ്പു നൽകാൻ വേണ്ടത്ര രേഖകളില്ലെങ്കിലും ഈ പാമ്പര്യം നിലനിർത്തുന്ന ഒരു സമുദായം കേരളത്തിൽ സ്ഥിതിചെയ്യുന്നുണ്ട്.

തക്ഷശിലയിലെ രാജാവായ ഗോണ്ടഫോറസിന് കൊട്ടാരം പണിക്കായി ഒരു ശില്പിയെ കണ്ടുപിടിക്കാൻ ഹാബാൻ എന്ന കച്ചവടക്കാരനെ ചുമതലപ്പെടുത്തി അതിനാവശ്യമായ പണം നൽകിയെന്നും എം. ഫിലിപ്പ് തന്റെ മാർ തോമാശ്ലീഹായുടെ ഇന്ത്യൻ സഭ എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ പാരമ്പര്യമനുസരിച്ച് അപ്പോസ്തലന്റെ പ്രവർത്തനം വളരെ വിജയകരമായിരുന്നു. കൊടുങ്ങല്ലൂരിൽ അനേകർ ക്രിസ്തുമതം സ്വീകരിച്ചു. ആ പ്രദേശത്തെ നാടുവാഴി അന്ത്രയോസ് എന്ന പേരിൽ ക്രിസ്തുമതം സ്വീകരിച്ചു എന്ന് ബിഷപ്പ് ബ്രോൺ എന്ന ചരിത്രകാരൻ പറയുന്നു. സുവിശേഷം സ്വീകരിച്ച് ക്രിസ്ത്യാനികൾ ആയവരെ ഉൾപെടുത്തി ഏഴര പള്ളികൾ സ്ഥാപിച്ചു. (കൊല്ലം, കൊടുങ്ങല്ലൂർ, പാലൂർ പറവൂർ, ഗോക്കമംഗലം, ചായൽ, നിരണം, മാലിയങ്കര) പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ കുടുംബങ്ങളിൽ നിന്ന് വൈദീകരെ നിയമിച്ചു. ഇപ്രകാരം കേരളത്തിൽ സഭയ്ക്ക് അടിസ്ഥാനമിട്ട ശേഷം മാർ തോമാശ്ലീഹാ മലാക്കാ, ചൈന മുതലായ സ്ഥലങ്ങളിലേക്ക് പോയി. കുറെക്കാലം സുവിശേഷം ഘോഷിച്ചു. വീണ്ടും അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങി. മൈലാപ്പൂരിൽ താമസിക്കവെ രക്തസാക്ഷിമരണം പ്രാപിച്ചു. ( എ.ഡി. 72) അദ്ദേഹത്തിന്റെ മൃതശരീരം മൈലാപ്പൂരിൽ അടക്കം ചെയ്തു. എ.ഡി 160നു ശേഷം തിരുശേഷിപ്പ് എഡേസായിലേക്ക് കൊണ്ടുപോയി എന്നാണ് പാരമ്പര്യം. മലങ്കര മല്പാൻ കോനാട്ട് ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ മാർതോമാശ്ലീഹായുടെ പൗരോഹിത്യവും സിംഹാസനവും എന്ന ലഘുലേഖയിൽ മാർ തോമാശ്ലീഹായുടെ തിരുശേഷിച്ച് ഉറഹാ(എഡേസാ)യിലേക്ക് കൊണ്ടുപോയത് എ.ഡി. 260ൽ ആണെന്ന് പറഞ്ഞിരിക്കുന്നു. Marcopolo എന്ന വിദേശ സഞ്ചാരി തന്റെ സന്ദർശനം വിവരിക്കുന്നതിൽ ഇന്ത്യയുടെ പടിഞ്ഞാറെ തീരത്ത് മാർ തോമാ ക്രിസ്ത്യാനികളെ കണ്ടതായി Universal Christian Topography എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

വടക്കേന്ത്യൻ പാരമ്പര്യവും തെക്കേ ഇന്ത്യൻ പാരമ്പര്യവും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്ന് J.N.Fargues എന്ന ഗ്രന്ഥകാരൻ പറയുന്നു. വിശുദ്ധ തോമസ് വടക്കെ ഇന്ത്യയിൽ നിന്ന് സൊക്കോട്ടറ ദ്വീപിലേക്ക് പോയെന്നും അവിടെനിന്ന് വീണ്ടും തെക്കേ ഇന്ത്യയിലേക്ക് വന്നു എന്നും അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു. എ.ഡി. 52-ൽ കർത്തൃശിഷ്യന്മാരിലൊരാളായ മാർ തോമാ കടൽവഴിയായി കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയെന്നാണ് പരമ്പരാഗതമായി സഭ വിശ്വസിച്ചുപോരുന്നത്. ഒന്നാം നൂറ്റാണ്ട് അവസാനിക്കുന്നതിനുമുമ്പായി യൂദ കുടിയേറ്റം മലബാർ തീരത്ത് ഉണ്ടായിരുന്നവെന്ന് തെളിവുണ്ട്. കൊച്ചിയിലുള്ള കുടിയേറ്റക്കാർ കൊച്ചിയിലെത്തിയപ്പോൾ കഴുത്തിൽ കുരിശിട്ടവരെ കണ്ടുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അടുത്ത കാലംവരെ കൊടുങ്ങല്ലൂർ, പാലയൂർ എന്നീ പ്രദേശങ്ങളിൽ യൂദകോളനികൾ ഉണ്ടായിരുന്നു. ഏതാനും പേർ കൊച്ചിയിലും പാലയൂരിലും ഇപ്പോഴുമുണ്ട്.

### മാർ തോമാശ്ലീഹായുടെ രക്തസാക്ഷി മരണം

ഇതിനെപ്പറ്റി വ്യത്യസ്തങ്ങളായ അഭിപ്രായമാണുള്ളത്. കേരളത്തിലെ പാരമ്പര്യമനുസരിച്ച് ശ്ലീഹാ മദ്രാസ്(തമിഴകം) പ്രദേശങ്ങളിൽ സുവിശേഷപ്രചരണം നടത്തിയിരുന്ന സമയത്ത് ബ്രാഹ്മണ പുരോഹിതന്മാരുമായി വാദപ്രതിവാദം നടത്തുകയും അദ്ദേഹത്തെ കുന്തംകൊണ്ട് കുത്തിക്കൊല്ലുകയും ചെയ്തു അദ്ദേഹത്തിന്റെ മൃതശരീരം മൈലാപ്പൂരിലെ ചെറിയ പള്ളിയിൽ ഉള്ള കല്ലറയിൽ അടക്കുകയും എ.ഡി. 160 നുശേഷം ഭൗതീക ശേഷിച്ച് എഡേസയിലേക്ക് കൊണ്ടു പോകയും ചെയ്തു. ബസ്രായിലെ ബിഷപ്പ് മാർ സോളമൻ, ബുക്ക് ഓഫ് ബീ യിൽ പറയുന്നത് മാർ തോമാശ്ലീഹാ ഇന്ത്യയിലെ ഒരു രാജാവിന്റെ മകളെ മാമോദീസാ മുക്കിയതിനാൽ രാജാവ് അദ്ദേഹത്തെ കുന്തംകൊണ്ട് കുത്തിക്കൊല്ലുകയും ഹാബാൻ എന്ന പേർഷ്യൻ കച്ചവടക്കാരൻ അദ്ദേഹത്തിന്റെ ശരീരം എഡേസായിലേക്ക് കൊണ്ടുപോയി എന്നുമാണ്. മറ്റുചിലർ പറയുന്നത് അദ്ദേഹത്തെ മഹലൂശ് എന്ന ഇന്ത്യൻ പട്ടണത്തിൽ അടക്കം ചെയ്തു എന്നുമാണ്. മഹലൂശ് മൈലാപ്പൂർ എന്ന് പിൽക്കാലങ്ങളിൽ അറിയപ്പെട്ടിരുന്നു. പ്രൊഫസർ എ. എം മുണ്ടാടൻ മൂന്നു പാരമ്പര്യങ്ങൾ സാക്ഷിക്കുന്നു. തോമാ ശ്ലീഹാ മൈലാപ്പൂരിൽ വച്ച് ഒരു വേട്ടക്കാരന്റെ കുന്തംകൊണ്ട് കൊല്ലപ്പെട്ടു, ഒരു രാജാവിന്റെ കല്പനയാൽ കൊല്ലപ്പെട്ടു ഒരു ബ്രാഹ്മണന്റെ കൈയ്യാൽ കോറമണ്ടൻ തീരത്തുവച്ച് കൊല്ലപ്പെട്ടു. ഇതിന്റെയെല്ലാം സാരമായി പറയുവാൻ കഴിയുന്നത് മാർ തോമാശ്ലീഹാ മൈലാപ്പൂരിൽ വച്ച് വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം പ്രാപിച്ചു എന്നുള്ളതാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ കലണ്ടറിൽ തോമാശ്ലീഹാ ഡിസംബർ 18ന് കുത്തുകൊണ്ടുവെന്നും 21 ന് മരിച്ചു എന്നുമാണ്. ജൂലൈ 3ന് അദ്ദേഹത്തിന്റെ തിരുശേഷിപ്പ് എഡേസായിലേക്ക് കൊണ്ടുപോയതിനെയും സഭ ഓർക്കുന്നു.

### ശവകുടീരത്തെക്കുറിച്ച്

കേരളത്തിലെ പാരമ്പര്യമനുസരിച്ച് മാർ തോമാശ്ലീഹാ മൈലാപ്പൂരിൽവച്ച് രക്തസാക്ഷി ആവുകയും മൃതശരീരം



അവിടെ അടക്കം ചെയ്യപ്പെടുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് ഏറ്റവും പുരാതനമായ രേഖ 7-ാം നൂറ്റാണ്ടിലെ പ്സ്യൂഡോസെപ്രോണിയസിന്റേതാണ്. അദ്ദേഹം പറയുന്നത് ക്ലാമിന എന്ന സ്ഥലത്ത് മാർ തോമാശ്ലീഹായുടെ കബറിടം കണ്ടുവെന്നാണ്. സിവില്ലിയിലെ ഇസിഡോർ( എ.ഡി. 636) ഈ പാരമ്പര്യം തന്നെ ഉറപ്പിക്കുന്നു. ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ഈ സ്ഥലം മൈലാപ്പൂരാണ് എന്നാണ്.


നിക്കോളോഡികോണ്ടി ഇറ്റലിയിലെ ഒരു കച്ചവടക്കാരനായിരുന്നു. (1425-30) അമർഇബിൻമത്താ ഒരു ക്രിസത്യൻ ആരബ് ചരിത്രകാരനായിരുന്നു(1340) ഇവരൊക്കെ മൈലാപ്പൂർ സന്ദർശിച്ച് കബർ കണ്ടുപിടിക്കുകയും ചെയ്തതായി ചരിത്രം പറയുന്നു. സെന്റ് ജോൺ ക്രിസോസ്റ്റം , ഇസഡ് എം പാറേട്ട് മുതലായവരും മൈലാപ്പൂരിലുള്ള തോമാശ്ലീഹായുടെ കബറിടത്തെക്കുറിച്ചും അദ്ദേഹത്തിന്റെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്ന സന്യാസാശ്രമത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു.

**മാർ തോമാശ്ലീഹായുടെ പൗരോഹിത്യവും സിംഹാസനവും.**

സുവിശേഷത്തിൽ മലങ്കര നസ്രാണികളെ ജനിപ്പിച്ച തോമാശ്ലീഹായുടെ പൗരോഹിത്യത്തെക്കുറിച്ചും സിംഹാസനത്തെക്കുറിച്ചും നിഷേധാത്മകമായ ചില പ്രസ്താവനകൾ മലങ്കരസഭ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലയളവിൽ വി. വേദപുസ്തക തെളിവുകൾ ഈ നിഷേധാത്മതകളെ തിരുത്തുവാൻ വക നൽകുന്നവയാണ്.

**മാർ തോമാശ്ലീഹായുടെ പൗരോഹിത്യം.**

കാലംചെയ്ത യാക്കോബ് തൃതീയൻ കാതോലിക്ക ബാവ 1970 ജൂൺമാസത്തിൽ പരി. കാതോലിക്ക ബാവാ തിരുമേനിക്ക് അയച്ച 203-ാം നമ്പർ കല്പനയിൽ ഇപ്രകാരം എഴുതി. മാർ തോമാശ്ലീഹായുടെ സിംഹാസനം എന്ന് പറയത്തക്കവിധത്തിൽ അദ്ദേഹം ഏതെങ്കിലുമൊരു സിംഹാസനം സ്ഥാപിച്ചിട്ടില്ല. യോഹ.20;28 വ്യക്തമാക്കുന്ന പ്രകാരം അദ്ദേഹം പുരോഹിതൻ അല്ലായിരുന്നു. ഒരു പുരോഹിതനല്ലാത്ത ആൾ എങ്ങനെ മഹാപുരോഹിതനാകും ? ഒരു മഹാപുരോഹിതനല്ലാത്തയാൾ എങ്ങനെ സിംഹാസനം സ്ഥാപിക്കും? അദ്ദേഹത്തെ ആരെങ്കിലും എപ്പിസ്ക്കോപ്പാ ആയി വാഴിച്ചതായി പൂർവ്വ ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടില്ല. കർത്താവ് ഊതിയപ്പോൾ തോമാശ്ലീഹാ അവിടെ ഇല്ലായിരുന്നു എന്നുള്ള ന്യൂനതയാണ് പറഞ്ഞ് അദ്ദേഹത്തെ പരിഹസിച്ച് തരം താഴ്ത്തി പറഞ്ഞിരുന്നത്. തോമാ ശ്ലീഹാ കർത്താവിനെ കണ്ടിട്ടേ വിശ്വസിക്കു എന്നു പറഞ്ഞത് കുറ്റമായും ചിലർ വ്യഖ്യാനിക്കുന്നു. എന്നാൽ ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടതിനു ശേഷമേ മറ്റുശിഷ്യന്മാരും വിശ്വസിച്ചുള്ളു. കല്ലറയ്ക്കൽ എത്തിയ സ്ത്രീകൾ കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന് പറഞ്ഞവാക്ക് ശിഷ്യന്മാർ വിശ്വസിച്ചില്ല എന്ന് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ കർത്താവ് അവർക്ക് പ്രത്യക്ഷനായി, തന്നെ ഉയർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയ കാഠിന്യത്തെയും കർത്താവ് ശാസിക്കുന്നതായി വി. മർക്കോ.16;14ൽ വായിക്കുന്നു. സംഖ്യാ പുസ്തകത്തിൽ(11;26) ദൈവത്തിന്റെ ആത്മാവ് പേരെഴുതപ്പെട്ട 70 പേരുടെ മേൽ വന്നതായി നാം വായിക്കുന്നു. അവരിൽ രണ്ടുപേർ യൽദാദും മേദാദും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല, അവർ പാളയത്തിൽ ആയിരുന്നു. എന്നാൽ അവരുടെ മേലും ആത്മാവ് വന്നതായി നാം വായിക്കുന്നു. ഇതുപോലെ പന്തിരുവരിൽ ഒരുവനായ തോമാശ്ലീഹായ്ക്കും കർത്താവ് ഊതിയപ്പോൾ ആത്മാവ് ലഭിച്ചതായി നാം മനസ്സിലാക്കണം. എന്നാൽ യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിന്റെ ആവാസം പെന്തിക്കോസ്തി ദിവസമാണ് ഉണ്ടായതെന്നും അപ്പോൾ തോമാശ്ലീഹാ അവിടെ ഉണ്ടായിരുന്നതായും ഇവിടെ പ്രത്യേകം സ്മരിക്കത്തക്കതാണ്. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കമെന്നും പറഞ്ഞത് ഇവിടെ സ്മരണീയമാണ്. ചുരുക്കിപ്പറഞ്ഞാൽ ഊതിയപ്പോൾ തോമാശ്ലീഹാ അവിടെ ഇല്ലാതിരുന്നതുകൊണ്ട് ഒരു കുറവും അദ്ദേഹത്തിന് ഉണ്ടായില്ല. പാപമോചനം നൽകുന്നതിനുള്ള അധികാരം കർത്താവ് നേരത്തെ ശിഷ്യന്മാർക്ക് കൊടുത്തതിനെ ആവർത്തിച്ചു പറയുക മാത്രമാണ് ചെയ്തിരിക്കുന്നത്. നേരത്തെ ഈ അധികാരം നൽകിയത് വി. മത്തായി 18;18ൽ കാണാം."നിങ്ങൾ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിയ്ക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു". ഇത് കർത്താവിന്റെ ക്രൂശ് മരണത്തിന് മുമ്പായിരുന്നു. ഊതുക എന്നതുമാത്രം പട്ടാഭിഷേകത്തിന്റെ മുഖ്യകർമ്മമായി വിചാരിക്കാൻവയ്യ. കൈവെപ്പാണ് മുഖ്യകർമ്മം. യൂദാ ഇസ്ക്കരിയോത്താവിന്റെ സ്ഥാനത്ത് മത്തിയാസിനെ തെരഞ്ഞെടുത്തപ്പോൾ ഊതിയതായി കാണുന്നില്ല (അപ്പോ.1;23:26) അതുകൊണ്ട് മത്തിയാസിന് എന്തെങ്കിലും കുറവുള്ളതായി ആരും പറയുന്നില്ലല്ലോ? മാർ തോമാശ്ലീഹാ കേരളത്തിൽ സഭ സ്ഥാപിച്ചു എന്നും യോഗ്യരായവർക്ക് പട്ടം നൽകി പുരോഹിതരാക്കി എന്നുമുള്ളത് ആധുനിക ചരിത്രകാരന്മാരിൽ മിക്കവരും സമ്മതിക്കുന്ന വസ്തുതയാണ്. ബാർ എബ്രായയുടെ എക്ളീസിയാസ്റ്റിക്ക് എന്ന ഗ്രന്ഥത്തിൽ 2-ാം വാല്യം ആരംഭത്തിൽ ഇങ്ങനെ കാണുന്നു. മാർ തോമാ ശ്ലീഹാ കിഴക്കിന്റെ ആദ്യത്തെ മേല്പട്ടക്കാരൻ. റോമിലെ ക്ളിമിസ് തന്റെ മൽഫോനുസോദശ്ലീഹെ എന്ന ഗ്രന്ഥത്തിൽ'നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരുടെമേൽ സ്വർഗ്ഗാരോഹണസമയത്ത് കൈവച്ച് അവർക്ക് പൗരോഹിത്യാധികാരം നല്കിയതായി വേദപുസ്തകം പറയുന്നു. ഇന്ത്യയുടെ അറുതി കടൽ വരെയുള്ള അതിലെ പ്രദേശങ്ങൾ വരെയും സഭസ്ഥാപിക്കയും അതിന്റെ ഭരണകർത്താവും അധികാരിയും ആയിരിക്കുകയും ചെയ്ത തോമായിൽ നിന്ന് പൗരോഹിത്യാധികാരം പ്രാപിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ കാരണങ്ങൾ കൊണ്ടുതന്നെ മാർ തോമാശ്ലീഹായുടെ പൗരോഹിത്യത്തെ ആർക്കും ഒരിക്കലും ചോദ്യം




ചെയ്യുവാൻ പാടില്ല എന്നുള്ളത് സ്പഷ്ടമാണ്.

### മാർ തോമാശ്ലീഹായുടെ സിംഹാസനം

മാർ തോമാശ്ലീഹാ ഒരു മഹാപുരോഹിതനാണ് എന്നും തന്റെ പൗരോഹിത്യത്തിന് ഒരു ന്യൂനതയും ഇല്ലെന്നും തെളിഞ്ഞു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് സിംഹാസനം ഉണ്ട്. രാജാക്കന്മാർ മേല്പട്ടക്കാർ ക്രിസ്തുവിന്റെ ശിഷ്യന്മാർ, ഇങ്ങനെ ഭരണാധികാരികളുടെ ഔദ്യോഗിക ഇരിപ്പിടങ്ങൾക്കും ആ സ്ഥാനത്തിനും അവരുടെ ഭരണാധികാരത്തിന്റെ പ്രതീകം എന്ന നിലയിൽ പുരാതനകാലം മുതൽ ഉപയോഗിച്ചുവന്നിരുന്ന ഒരു വാക്കാണ് സിംഹാസനം. അപ്പോസ്തലന്മാർ ഏതേതു കേന്ദ്രങ്ങളെ ആസ്ഥാനമാക്കിയൊ അതാതിന്റെ ചുറ്റപാടുമുള്ള ദേശങ്ങളിൽ അപ്പോസ്തോലിക വേല നിർവ്വഹിച്ചുപോന്ന കേന്ദ്രങ്ങളെയെല്ലാം അപ്പോസ്തോലിക ആസ്ഥാനങ്ങൾ എന്ന നിലയിൽ സിംഹാസനങ്ങളായി പരിഗണിക്കുവാൻ തുടങ്ങി. മാർ തോമാശ്ലീഹാ പേർഷ്യയിലും ഇന്ത്യയിലും(മലങ്കരയിൽ) പ്രവർത്തിച്ചതുകൊണ്ട് ആ സ്ഥാനങ്ങൾ അദ്ദേഹത്തിന്റെ സിംഹാസനങ്ങൾ ആണ്. പത്രോസ് ശ്ലീഹായ്ക്കു മാത്രമേ സിംഹാസനമുള്ളു അത് പങ്കുവച്ചാണ് പിന്നീടുള്ള പാത്രിയർക്കേറ്റുകൾ ഉണ്ടായതെന്നും അതുകൊണ്ട് മറ്റുള്ള അപ്പോസ്തലന്മാർക്ക് സിംഹാസനം ഇല്ല എന്നുമുള്ള ചിന്താഗതി ചിലർക്കുണ്ട്, അതു ശരിയല്ല. മൂന്നാമത്തെ എപ്പീസ്ക്കോപ്പാ കർത്താവിന്റെ ശിഷ്യനായ വി.യാക്കോബായിരുന്നു. അദ്ദേഹത്തിന് പത്രോസ്ശ്ലീഹായിൽ നിന്നും അധികാരം കിട്ടിയതായി പറയുന്നില്ല. വി. യോഹന്നാനാണ് ഏഷ്യാമൈനറിലും മറ്റും സിംഹാസനം സ്ഥാപിച്ചത്. അലക്സന്ത്രിയ വി. മർക്കോസിന്റെ ശ്ലൈഹീക സിംഹാസനമാണ്. ഇതൊന്നും തന്നെ പത്രോസ്ശ്ലീഹായുടെ സിംഹാസനത്തിൽ നിന്നും പൊട്ടിപ്പുറപ്പെട്ടതല്ല. റോമിലെയും മലങ്കരയിലെയും ചരിത്രകാരന്മാർ ഒരുപോലെ സമ്മതിക്കുന്ന വസ്തുതകളാണിവ. നിങ്ങൾ പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേൽഗോത്രം പന്ത്രണ്ടിനേയും ന്യായം വിധിക്കും എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. (വി.മത്താ.19;28, വി. ലൂക്കോ.22;30)

ചുരുക്കത്തിൽ മാർ തോമാശ്ലീഹാ മലങ്കരസഭയുടെ സ്ഥാപകനാണെന്നും അദ്ദേഹത്തിന്റെ പിൻഗാമികളാണ് നമ്മുടെ സഭയെ നയിച്ച പിതാക്കന്മാരെന്നും നാം വിശ്വസിക്കുന്നു. എന്നാൽ ഈ സഭ അതിന്റെ ആത്മീയ വളർച്ചയ്ക്കും അപ്പോസ്തലിക കൈവെപ്പിനും വേണ്ടി വിദേശ സഭകളെ ആശ്രയിച്ചിട്ടുണ്ട്. അതുകൊണ്ട് തോമാശ്ലീഹായുടെ സിംഹാസനം നിന്നുപോയിട്ടില്ല. ആ കാലങ്ങളിലെല്ലാം മലങ്കരസഭാ ഭരണം നടത്തിയിരുന്നത് സ്വദേശികളായ അർക്കദിയാക്കന്മാരായിരുന്നു (ജാതിക്ക് തലവന്മാർ) എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

*(ഈ ലേഖനം H.G. Geevarghese Mar Diascoros തിരുമേനിയുടെ പഠനപദ്ധതിയോടും, മലങ്കര നസ്രാണി ചരിത്രത്തോടും ഉള്ള കടപ്പാടിൽ കൂടി തയ്യാറാക്കിയതാണ്. ഇന്ന് നമ്മുടെ സഭ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സഭാ തർക്കങ്ങളിൽ ഒന്നാണ് പരി. മാർതോമ്മാശ്ലീഹായുടെ കൈവയ്പ്പ് അധികാരത്തെയും സിംഹാസനത്തെയും പറ്റിയൊക്കെയുള്ള തർക്കങ്ങൾ. കേരളത്തിനു വെളിയിൽ ജീവിക്കുന്ന സഭാമക്കൾ സഭാചരിത്രം ശരിയായി മനസ്സിലാക്കുവാൻ തക്കവണ്ണമാണ് പ. പിതാക്കന്മാർ മേൽപറഞ്ഞ പാഠാവലികൾ തയ്യാറാക്കിയിട്ടുള്ളത്.)*







# പരിശുദ്ധ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി : വിശുദ്ധിക്കായി കൊതിച്ച വിശുദ്ധൻ

*വെരി റവ. ബസലേൽ റമ്പാൻ*
*ബേസിൽ ദയറാ, പത്തനംതിട്ട*



പരിശുദ്ധിയും പരിശുദ്ധനും തമ്മിൽ നാമ -നാമവിശേഷണ വ്യത്യാസത്തിലുപരി ( Noun and Adjective ) അഭൗമികമായ ദിവ്യസത്തയുടേതായൊരു ബന്ധമുണ്ട് . മനുഷ്യനിൽ നിന്ന് ജനിക്കുന്നവനൊക്കെ പാപാംശം ഉള്ളിൽ വഹിക്കുന്നു എന്നത് യാഥാർഥ്യമാണ്. പാപമില്ലാത്തവനും സത്തയിൽ വിശുദ്ധനും ദൈവം മാത്രമാണ് എന്നാൽ " ആർജ്ജിത വിശുദ്ധി " (Accquired Holiness ) എന്ന അവസ്ഥ ദൈവം പ്രീതിപ്പെടുന്നവരിൽ ദാനമായി നൽകുന്ന അനുപമ സത്യമാണ്. സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലും (Image and Likeness ) ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ , വിശുദ്ധിയും നൈർമല്യവും നിത്യതയും സൃഷ്ടിയിൽ നിലനിൽക്കാമെന്ന യാഥാർഥ്യം സ്രഷ്ടാവ് മനസ്സാലെ ആഗ്രഹിച്ചതാണ്. ആ ആഗ്രഹത്തിന്റെ പൂർണ്ണതക്കായി വിശുദ്ധിയെ ഉൾകൊള്ളുകയും അതിൽ ചരിക്കുകയും ധ്യാനിക്കുകയും ത്യാഗാധിഷ്ഠിത ജീവിതം നയിക്കുകയും സ്വജീവിതത്തെ വിശുദ്ധാനുഭവത്തിന്റെയും ദർശനത്തിന്റെയും ദർപ്പണമായി പ്രതിഫലിപ്പിക്കുകയും ചെയ്തവരെയാണ് നാം " വിശുദ്ധർ" , എന്ന സംജ്ഞയിലൂടെ വിവക്ഷിക്കുന്നത് . വേദോപനിഷത്തുകളാലും ഇതിഹാസങ്ങളാലും ധർമശാസ്ത്രങ്ങളാലും മഹാമുനികളുടെ ശ്രേഷ്ഠപാരമ്പര്യങ്ങളാലും തത്വസംഹിതകളാലും ആർദ്രമായ ഭാരത മണ്ണിൽ ഇവയുടെ ഗുണവും ഗന്ധവും സൗകുമാര്യവുമൊത്തിണങ്ങിയ ഒരു ക്രൈസ്തവ വിശുദ്ധനെയാണ് പരി.ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (പരി. പരുമല തിരുമേനി) എന്ന സംജ്ഞയിൽ നമുക്ക് ലഭ്യമായത് .ഈ പരിശുദ്ധന്റെ ദിവ്യത്വത്തിന്റെ അംഗീകരണത്തിനായി നൂറുകണക്കിന് പെട്ടികളിൽ സൂക്ഷിച്ച രേഖ കളും പ്രമാണങ്ങളുമൊന്നും ഇന്ന് ആരും സൂക്ഷിച്ചുവച്ചിട്ടില്ല. **നമ്മുടെ കർത്താവിന്റെ സ്നാന സമയത്തുയർന്ന " ഇവനെന്റെ പ്രിയപുത്രൻ"എന്ന സ്വരം പോലെ സ്വർഗീയ അംഗീകരണത്തിന്റെ പ്രകട ഭാവങ്ങളായ വിശുദ്ധ സ്പന്ദനവും സ്പർശവും സ്മരണയും സാഫല്യവും അനർഗളമായി ഒഴുകിയെത്തുകയായിരുന്നു.** ആ പ്രഭാവം നാം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾക്കും ബോധങ്ങൾക്കും അപ്പുറത്തേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു.

1848 ജൂൺ 15 മുതൽ 1902 നവംബർ 2 വരെ മാത്രം നീണ്ടുനിന്ന സ്വർഗഗന്ധിയായ ആ പനിനീർപ്പൂവിന്റെ ജീവിതയാത്ര. 'പരിമിതത്വത്തിലെ ദിവ്യലാവണ്യ'മായിരുന്നു. നിറവും ഗന്ധവും ആകർഷകത്വവും മുറ്റിനിൽക്കുന്ന ദിവ്യപുഷ്പം എപ്പോഴും കൂടുണ്ടാവുക എന്നത് മനുഷ്യമനസ്സിന് ആനന്ദദായകമാണ് എന്നാൽ ആ വിശുദ്ധ ഭാവത്തെ കൺനിറയെ കാണുവാനും ആസ്വദിക്കുവാനും ഭൗതീകമായി പലർക്കും സാധിച്ചില്ല. കാല - ദേശ - സമയ ഭേദങ്ങൾക്കു പരിയായി എണ്ണവറ്റാത്ത ദീപസ്തംഭം പോലെ നിലനിൽക്കുന്ന പരി. തിരുമേനിയുടെ ജീവിതം വാക്കുകൾക്കും വരകൾക്കും അതീതമാണ്. സ്വരമാധുര്യവും ആലാപനഭംഗിയും





**ഒത്തിണങ്ങിയ ഗാനശില്പമാണത്......മാധുര്യത്തിലെ മഹിമയും ഉന്മത്തഭാവവുമാണത്...........**

തോട്ടങ്ങളിൽ മേയിപ്പാനും താമരപ്പൂക്കളെ പറിക്കാനും തന്റെ തോട്ടത്തിലെ സുഗന്ധ സന്ധ്യങ്ങളുടെ തടങ്ങളിലേക്കിറങ്ങിപ്പോയ പ്രിയൻ (ഉത്തമഗീതം 6:2) എന്ന ശലോമോന്യ ഭാവന ഒത്തിണങ്ങിയ ദിവ്യ പുരുഷനത്രെ പരി.പരുമല തിരുമേനി . പലരെയും പലതിനെയും മേയിപ്പാൻ ഉത്സാഹിക്കുന്നതിനിടയിൽ തോട്ടത്തിന്റെ സുഗന്ധവും താമരപ്പൂക്കളുടെ മനോഹാരിതയും ദർശിക്കാൻ സാധിക്കാതെ പോകുന്ന ആധുനിക നേതൃത്വത്തിനു മുമ്പിൽ ചോദ്യവും ഉത്തരവുമായി നിൽക്കുന്ന ഈ പുണ്യവാന്റെ " ദാർശനിക വെണ്മ" (Philosophical Holiness ) പാഠവും പഠനവും മനനവുമാകണം.

പ്രാർത്ഥനയുടെ **പരിമളവും പവിത്രതയും** പ്രവചനാത്മകതയും പ്രബോധത്വവും പ്രസരിപ്പിച്ച പരിശുദ്ധന്റെ ജീവിതചര്യ സുഗന്ധ പൂരിതമാണ് . " മഴ പെയ്തു തോർന്നു മരം പെയ്തുകൊണ്ടേയിരിക്കുന്നു" എന്ന സാമാന്യ തത്വം പ്രസക്തമാണ് പ്രാർത്ഥിക്കുവാൻ കൊതിച്ച, പ്രാർത്ഥനയാകുവാൻ വെമ്പിയ വിശുദ്ധന്റെ തപോനിഷ്ഠയും വ്രതവും ഇന്നും തുടരുകയാണ് . നമുക്കേവർക്കുമായി പ്രാർത്ഥനാ പുഷ്പവും സുഗന്ധക്കൂട്ടുകളുമായി നമുക്കുമുമ്പേ ദിവ്യപുരുഷൻ കടന്നുപോയി. വിശുദ്ധന്റെ പാത അനുഗ്രഹീതമാണ്. പിൻചെല്ലുവാൻ ചില ശേഷിപ്പുകളും ആ വഴിത്താരകളിൽ കാണാം.


" **വേദനയെ വേദാന്തമാക്കുക** "എന്നത് തപസ്സാണ്. നൊമ്പരത്തെ നോമ്പായും നിഷ്ഠയായും മാറ്റുവാൻ സാധിച്ച താപസ്സശ്രേഷ്ഠൻ, അതിവേദനയിലും നിദ്രാവിഹീനരാത്രികളിലും അയ്യോ എന്ന വിപരീത നാദത്തിനുപരി, " എന്റെ ദൈവമേ " എന്ന നാദബ്രഹ്മവുമായി സ്രഷ്ടാവിനെ സ്തുതിച്ചു. സൃഷ്ടി ആർക്കെങ്കിലും വേണ്ടി പ്രാർത്ഥിക്കുവാൻ മറന്നു പോയോ എന്നു ചിന്തിച്ച് ഉറക്കത്തെ അകറ്റിനിർത്തിയ ദിവ്യപരികർമ്മി..... നൊമ്പരസ്വരങ്ങളെ അനുഗ്രഹഗാനങ്ങളായും ശീലുകളായും രാഗങ്ങളായും താളങ്ങളായും സമന്വയിപ്പിച്ച പുണ്യശാലി . വേദനയിലെ ദേവസങ്കൽപവും ദാനനിഷ്ഠയും, " **വൈജ്ഞാനികഭാവവും**", " **വൃദ്ധിസ്ഥിരതയും**" ഉണ്മയോടെ പ്രോജ്ജ്വലിപ്പിച്ച ദിവ്യ യോഗിയുടെ ദിവ്യ സ്മരണ **ഊർജ്ജവും ഉശിരും ഉദാരതയും** പ്രദാനം ചെയ്യുന്നതാകട്ടെ.

**ജീവിതാനുഭവങ്ങളെ അക്ഷരങ്ങളായും കോറിയിട്ട പരി. തിരുമേനിയുടെ ജീവിതത്തിലെ ശ്രേഷ്ഠമായ ഒരു അംശം കൂടി വിവരിക്കട്ടെ. 1896 നവംബർ 24 ന് രാത്രി 10 മണിയോടടുത്ത് നടന്നതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിരിക്കുന്ന സംഭവം.**

" ഇപ്പോൾ സമയം പത്തുമണിയോടടുക്കുന്നു. ശയനസമയമാകുന്നു ഒരു ശബ്ദം കേട്ട് ഞാൻ മുകളിലേക്ക് നോക്കി. ഒരു കറുത്ത പാമ്പ് വാരിയിലൂടെ ഇഴഞ്ഞുനീങ്ങുന്നു ഏതോ വിഷപ്പാമ്പാണെന്ന് തോന്നുന്നു. ശെമ്മാശന്മാരും വാല്യക്കാരും ഇന്നേദിവസം ഒരുപാട് ജോലി ചെയ്തതിനാൽ തളർന്നുറങ്ങുകയായിരിക്കാം. ആരെയും ഞാൻ വിളിക്കുന്നില്ല. അതിനെ ഞാൻ ഭയക്കുന്നില്ല. ഇനിയും ഇതിറങ്ങിവന്ന് എന്നെ ദംശിച്ചാൽ, എന്റെ തമ്പുരാന്റെ തിരുശരീരരക്തത്തിന് അതിനെ അതിജീവിക്കുവാനും എന്നെ സൗഖ്യമാക്കുവാനും കഴിയുമെന്ന് ഉറച്ചു വിശ്വസിക്കുന്നു. തമ്പുരാനേ, സുഖകരമായ ഉറക്കം തന്നാലും....." അഴിപ്പുരയിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹംതന്നെ ഡയറിക്കുറുപ്പായി എഴുതിവച്ച ഈ സംഭവം മാത്രം മതി, അദ്ദേഹത്തിന്റെ ആഴമേറിയ ദൈവീക ബന്ധം വെളിവാക്കുവാൻ. മേശവിളക്കും കെടുത്തി, എ.സി. യും ഫാനും, ലൈറ്റുമൊന്നുമില്ലാതെ, വിഷപ്പാമ്പിനെ പേടിക്കാതെ മറ്റുള്ളവരെ ശല്യപ്പെടുത്താതെ ഉത്തരത്തിലൂടെ ഇഴഞ്ഞു നീങ്ങുന്ന പാമ്പിനെ ഗണ്യമാക്കാതെ, ജീവനുള്ള ദൈവത്തെ വിശ്വസിച്ചും സ്നേഹിച്ചും തന്റെ വിശുദ്ധിക്ക് ഊടും പാവും നെയ്യുന്ന പരിശുദ്ധൻ നമുക്കൊരു ദീപസ്തംഭവും പ്രകാശഗോപുരവുമായി വർത്തിക്കട്ടെ. വിശുദ്ധ ജീവിതത്തിന്, പ്രഭയും പ്രഭാതവും പ്രാവീണ്യവും പ്രാർത്ഥനയുമായി നിലകൊള്ളുന്ന പരി. പരുമല തിരുമേനിയുടെ പ്രഭാപൂരിതമാർഗ്ഗം നമുക്ക് തിരിച്ചറിയാം പ്രയാണ പാതയാക്കാം......


*In loving Memory of our Appachan, Amma and Dear Brother*





Late M. Thomas

Late Shri G. Mathai (76) : Went to heavenly abode – 29th Jan. 1976
Late Smt. Chechemma Mathai (104) – 16th Jan. 2009
Parents & Brother of John Mathai, Bhopal

*In loving Memory...*



Mrs. Annie John
(W/o. John Mathai, Bhopal)
12.12.1955 to 25.01.2017

"They who served and died in hope, trusting in Thy mercy, Lord;
May Thy living voice them raise, from their graves to paradise".







# GANDHI AND MANGO TREE

**Dr. Vinita Thomas MSc. MPhil. PhD**
**Department of Botany, St. Thomas College, Bhilai**

**What we are doing to the forests of the world is a mirror reflection of what we are doing for ourselves and to one another. M.K Gandhi**

**It is very difficult to deny the beauty of trees and everyone secretly admire its uniqueness. There is an interesting story behind the mango tree that has grown luxuriantly at Golden Threshold on Nampally station road in Hyderabad, once the residence of Nightingale of India Sarojini Naidu. The tree was planted by Mahatma Gandhi during his visit to Hyderabad on March 9, 1934.**

**Gandhiji loved the mango plant very much and he used to take it in a pot with him wherever he went. He loved it because it was the plant which had grown from the seed of a mango fruit which he ate when he was in Yerawada prison near Pune about 18 months earlier. When he saw the plant growing from the seed, he took good care of it and when he was finally released from the prison, he took it along with him. On his visit to Hyderabad on March 9, 1934, he brought the plant along with him. After alighting from the train, he drove to Sarojini Naidu's residence at Golden Threshold from where he went about the city visiting several places and addressed a huge public meeting at Karbala in Secunderabad in the evening.**

**Before leaving for the public meeting, Gandhiji decided that the plant would grow better in natural soil and decided that Golden Threshold was the best place and planted the tree on the premises. The tree now has now grown fully and stands as testimony to Gandhiji's love for nature.**

**Nature provides so many benefits that it's hard to see what it doesnot do.**

**Spirituality, religion, health, happiness, excitement, education, money… nature provides it all.**

**Did You Know !!!**

1. **Mahatma Gandhi was passionate about gardening. He said " Gardening is the oldest occupation related to hobby"**
2. **Mahatma Gandhi was a walking enthusiast and said "Walking is justly called the Prince of Exercises"**
3. **Mahatma Gandhi experimented with diet to see how cheaply he could live and remain healthy.**
4. **Mahatma Gandhi's favourite message "Be the change you wish to see in the world".**
5. **Mahatma Gandhi accepted that he had bad handwriting and always wanted children to improve handwriting.**
6. **Mahatma Gandhi established an ambulance unit to help wounded British solder during boar war in 1899.**
7. **Mahatma Gandhi was named Time Magazine's Man of the Year in 1930**
8. **Mahatma Gandhi was nominated five times between 1937 and 1948 for the Nobel Peace Prize but never awarded the prize.**




# കുഞ്ഞുഞ്ഞിന്റെ കുണ്ഡിതങ്ങൾ

## ഭാഗം – 23

- ബാബു, ജംഷഡ്പൂർ

ആഹാ..... കുഞ്ഞുഞ്ഞു ചേട്ടനെന്താ ഒറ്റക്കിവിടെ സുഖമല്ലേ.........

Very Good.........

എങ്ങനെയുണ്ടായിരുന്നു കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ പാടിയ എന്റെ പാട്ട് ...... " അൻപുടയോനെ നിൻ വാതിൽ".....

കുർബ്ബാനയിൽ പങ്കെടുത്ത ഒരൊറ്റ കുഞ്ഞിന് എന്റെ കൂടെ പാടാൻ പറ്റിയില്ലാ. അത്രക്ക് ഹൈ പിച്ചലല്ലേ ഞാൻ തട്ടിവിട്ടത്!

കപ്യാർ കുഞ്ഞുഞ്ഞ്, ജോണിന്റെ വീമ്പടികേട്ടിട്ടും മുഖം കുനിച്ചിരുന്നതേയുള്ളു.

സ്ഥലം പള്ളിക്കവല. ഇവിടെ സ്ഥലവാസികളുടെ സായാഹ്ന സംഗമങ്ങൾ പതിവാണ് . കുരിശിൻ തൊട്ടിയിൽ വന്ന് പ്രാർത്ഥിച്ച് മെഴുകുതിരികത്തിച്ച് മടങ്ങുന്ന അനേകം ആളുകളുണ്ട്. വിശാലമായ നടയിൽ ഇരുന്ന് സൊറ പറയുന്നവരും കുറവല്ല.

ജോണാണ് പള്ളിയിലെ Choir Master. നന്നായി പാടാൻ കഴിവുള്ള College കുമാരൻ. പക്ഷേ അടുത്തിടയായി അല്പം തലക്കനം കൂടിപ്പോയോ എന്നു സംശയിക്കേണ്ടുന്ന സംസാരങ്ങളും പ്രവർത്തനങ്ങളും മറ്റുള്ളവർക്ക് അരോചകമായിത്തുടങ്ങിയിട്ടുണ്ട്.

കുഞ്ഞുഞ്ഞ് മദ്ധ്യവയസ്ക്കനായ പള്ളിയുടെ കപ്യാരാണ്. നല്ല അറിവുള്ള, അദ്ധ്വാനശീലനായ, സർവ്വ സമ്മതനായ വാഗ്മി : ദൈവഭക്തൻ, തന്റെ ചുമതലകളിൽ ഒരു വീഴ്ചയും വരാതെ, പള്ളി നടത്തിക്കൊണ്ടു പോകുന്ന ശുശ്രൂഷകൻ.

" എടോ...കുഞ്ഞുഞ്ഞേ......ഇന്നെന്തുപറ്റി? മറ്റേത് പള്ളിയിൽനിന്നു വിട്ടാൽ നേരേ വീട്ടിൽ ചെന്നേ ഇരിക്കാറുള്ളല്ലോ?".

കുഞ്ഞുഞ്ഞിനെക്കാൾ പ്രായം കുറവാണെങ്കിലും, പള്ളിയുടെ ഭരണം ഇക്കൊല്ലാം പിടിച്ചു പറ്റാൻ കുതന്ത്രങ്ങൾ മെനഞ്ഞു തനിക്കും അണികൾക്കും വിജയം കൈവരിച്ചുഎന്നുള്ള പ്രസിദ്ധി നേടിയ 'ചാക്കോ .കുറച്ചു സമയങ്ങൾക്ക് മുൻപു വരെ കുഞ്ഞുഞ്ഞുചേട്ടാ എന്നുള്ള തന്റെ സംബോധന, പള്ളിഭരണം കൈക്കലായപ്പോൾ എടോ കുഞ്ഞുഞ്ഞേ എന്നായി ലോപിച്ചു.

" നിങ്ങളേ....ഈ അച്ചന്റെയും കപ്യാരുടേയും ഒത്തുകളി ഒന്നും ഇനി ഈ പള്ളിയിൽ നടക്കില്ല. നല്ല ചുറുചുറുക്കുള്ള ആമ്പിള്ളേരാ ഇപ്പോൾ പള്ളി ഭരിക്കുന്നത"....ചാക്കോയുടെ താക്കീത് കുഞ്ഞുഞ്ഞിനെ വല്ലാതെ അലട്ടി.

പന്തികേട് മണത്ത കുഞ്ഞുഞ്ഞ് പതുക്കെ പൊക്കണവും കുടയും എടുത്ത് പോകാൻ എഴുന്നേറ്റു.

" ഹാ.......ഇരിക്കന്നേ....." ചാക്കോ കുഞ്ഞുഞ്ഞിന്റെ കൈപിടിച്ചിരുത്തിയിട്ട് തുടർന്നു.

" ഓ... ചേട്ടനെപ്പറ്റി ഒന്നുമല്ല ഞാൻ പറഞ്ഞത്. പള്ളി നന്നാകണം. പള്ളിയെ അഭിവൃദ്ധിയിലേക്കു നയിക്കാൻ ഞങ്ങൾക്ക് വ്യക്തമായ ചില ധാരണകളുണ്ട്. നമ്മുടെ School ലെ Teachers ന്റെ വേക്കൻസികളൊക്കെ നികത്തണം".

കുഞ്ഞുഞ്ഞിന്റെ അരികിലേക്ക് മാറി നിന്ന് ശബ്ദം താഴ്ത്തി തുടർന്നു. പത്ത് പുത്തൻ തരാൻ ആൾക്കാർ റെഡിയായി നിൽപ്പുണ്ടെന്നേ...കൂടെ നിന്നാൽ തനിക്കുകൊള്ളാം.

" ബാ.....ബാ" കുഞ്ഞുഞ്ഞ് എഴുന്നേറ്റ് മുൻപോട്ട് നടന്നു കൊണ്ട് ജോണിയോടും ചാക്കോയോടും പറഞ്ഞു. " മഴപെയ്യുമെന്നു തോന്നുന്നു....തണുത്ത കാറ്റും ഉണ്ട്. നമുക്ക് വീട്ടിൽ ഇരുന്ന് ഒരു കട്ടനുമൊക്കെ അടിച്ച് സംസാരിക്കാം".

......ഈ ചുറ്റുപാടിൽ നിന്ന് മാറ്റി ഇവരോട് സംസാരിക്കണം. ദൈവനാമം പേറി സാത്താന്റെ വാക്കുകൾ ഉച്ചരിക്കുന്ന ഇവരോട് ഞാൻ ഒന്നും പറഞ്ഞില്ലെങ്കിൽ, അവർ പറഞ്ഞതെല്ലാം ശരിയാണ് എന്നവർ കരുതും.

'ദൈവമേ എവിടെ തുടങ്ങണം....ഈ അഹങ്കാരികളോട് സംസാരിക്കാൻ എനിക്കറിവു തരേണമേ..... അല്ല.... എന്നിൽ കൂടി നീ, അവരോട് സംസാരിക്കേണമേ.... അവരുടെ വഴികളെ തിരുത്തേണമേ.......പള്ളിയിലെ ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കേണമേ' ......

കുഞ്ഞുഞ്ഞ് മനസ്സുനീറി പ്രാർത്ഥിച്ചുകൊണ്ട് ജോണിയേയും ചാക്കോയേയും കൂട്ടി തന്റെ വീട്ടിൽ എത്തി.

കുഞ്ഞുഞ്ഞിന്റെ സ്വീകരണ മുറിയിൽ എല്ലാവരും ഇരുന്നു.

തിരുകുടുംബത്തിന്റെയും മാതാവിന്റെയും, പരുമല തിരുമേനിയുടെയും സുന്ദരമായ ഫോട്ടോകൾ, ആ മുറിയുടെ ദൈവികത ഉയർത്തിപ്പിടിക്കുന്നു. റ്റിപ്പോയിൽ ഒത്തുവാക്യങ്ങളുള്ള സത്യവേദപുസ്തകം, എഴുതുവാനുള്ള Writing Pad, പേന

ഭാര്യ മേരിക്കുട്ടി വിളമ്പിയ കട്ടൻകാപ്പിയിൽ രസിച്ചുകൊണ്ട് കുഞ്ഞുഞ്ഞു ചോദിച്ചു;

|നമ്മൾ എന്തിനാണ് പള്ളിയിൽ പോകുന്നത്?...........മറ്റുള്ളവരെ പാടാൻ അനുവദിക്കാത്ത ശബ്ദ ഗാംഭീര്യത്തിന്റെ ഉടമയായ ജോണിയും വീറോടെ ഉച്ചത്തിൽ അട്ടഹാസക്കസർത്ത് നടത്തിയ ചാക്കോയും ശരിയായ ഒരുത്തരത്തിൽ നടത്തുന്ന തിരച്ചിൽ ആ മുറിയെ മൂകമാക്കി.

ഉത്തരം രണ്ടു പേരിൽ നിന്നും കിട്ടുകയില്ല എന്ന






യേശു ചെയ്യുന്ന അത്ഭുതങ്ങളെ കണ്ടിട്ടും, പിതാവിന്റെ നാമത്തിലാണ് താൻ ഇതൊക്കെ ചെയ്യുന്നത് എന്ന് പറഞ്ഞിട്ടും, യേശുവിന്റെ അടുത്തുനിന്നുകൊണ്ട് അവനെ അറിയാൻ ശ്രമിക്കപോലും ചെയ്യാത്ത ഒരുകൂട്ടം നിർഭാഗ്യവാന്മാർ! യേശുവിൽ കുറ്റം കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നവർ, കുരുടന്റെ മാതാപിതാക്കളിൽ നിന്ന് തെളിവ് ശേഖരിച്ച് അവരെ പള്ളി ഭ്രഷ്ടരാക്കുവാൻ ശ്രമിക്കുന്നവർ.

ബോധ്യം വന്നപ്പോൾ കുഞ്ഞൂഞ്ഞു തുടർന്നു; " നാം ദൈവത്തെ ആരാധിക്കുവാനാണ് ദേവാലയത്തിൽ പോകുന്നത്. നമ്മുടെ ലൌകിക ചിന്തകളെ വെടിഞ്ഞ്, ഉയരങ്ങളിൽ ദൈവത്തോടു കൂടെ ആകുവാൻ, ദൈവസാമീപ്യം തിരിച്ചറിഞ്ഞ്, നമ്മൾ തിരുമുൻപിൽ ഒന്നുമല്ല എന്ന് ബോധ്യപ്പെട്ട് നമ്മെത്തന്നെ വിനയപ്പെടുത്തുവാൻ.

യേശുതമ്പുരാന്റെ സ്വന്തശരീരവും രക്തവും വിശ്വാസത്തോടെ സ്വീകരിച്ച്, നമ്മിൽ യേശുതമ്പുരാന്റെ സാമീപ്യം തിരിച്ചറിഞ്ഞ് നമ്മെത്തന്നെ രൂപാന്തരപ്പെടുത്തുവാൻ വേണ്ടിയാണ് നാം പള്ളിയിൽ പോകുന്നുത്. എന്നാൽ പലരുടെയും സ്ഥിതി യേശു നമ്മിൽ ഉണ്ടായിട്ടും യേശുവിനെ തിരിച്ചറിയാൻ പറ്റാതെ , ഒരു തിരുത്തലും വ്യത്യാസവും നമ്മിൽ ഉണ്ടാകാതെ ജീവിക്കുന്നു എന്നുള്ളതാണ്.

Correct,....Very Corrrect Uncle ജോണി തിരിച്ചറിവിന്റെ പടികൾ ചവിട്ടുകയായിരുന്നു.

കുഞ്ഞൂഞ്ഞു തുടർന്നു: ഈ വലിയഭാഗ്യം യേശുവിനെ തിരിച്ചറിഞ്ഞ് രൂപാന്തരപ്പെടൽ നമ്മുടെ ഇടവകയ്ക്ക് ഉണ്ടാകുവാനാണ്, പല പല ഉത്തരവാദിത്വങ്ങൾ തന്ന്, കഴിവുകൾതന്ന് ദൈവം നമ്മെ ഈ ദേവാലയത്തിൽ ആക്കിയിരിക്കുന്നത്.

ആരാധനയിൽ പുരോഹിതനെ സഹായിക്കുവാൻ എന്നെയും എല്ലാ വിശ്വാസികളുടെ നാവിൽ നിന്നും സ്തുതി ഗീതങ്ങൾ ഉയരുവാൻ തക്കവണ്ണം പാട്ടുകൾ നിയന്ത്രിച്ച് പാടുവാൻ ജോണിയേയും, ആരാധന നടത്തുവാൻ തക്കവിധം പള്ളി നടത്തിപ്പിനായി ചാക്കോച്ചനേയും ദൈവം ഇവിടെ ആക്കിയിരിക്കുകയാണ്.

**നമ്മിലുള്ള യേശുവിനെ തിരിച്ചറിയുന്നവൻ, സൗമ്യനായിരിക്കും, ശാന്തിപ്രിയനായിരിക്കും, ദൈവത്തിന് അനുരൂപമായി സംസാരിക്കുന്നവരും പ്രവർത്തിക്കുന്നവരുമായിരിക്കും".**

ജോണിയുടെയും ചാക്കോയുടെയും തിരിച്ചറിവിന്റെ ശരീരഭാഷ മനസ്സിലാക്കിക്കൊണ്ട് കുഞ്ഞൂഞ്ഞ് തുടർന്നു: " തന്റെ സാമീപ്യം ഉണ്ടായിട്ടും യേശുവിനെ തിരിച്ചറിയാൻ പറ്റാത്ത ഒരുകൂട്ടം അഭ്യസ്ത വിദ്യരായ നിർഭാഗ്യവാന്മാരെക്കുറിച്ച് വി. യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിന്റെ ഒമ്പതാം അദ്ധ്യായം പത്താം വാക്യം മുതൽ വിവരിക്കുന്നുണ്ട്.

യേശുവിന്റെ കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു ഓർത്തഡോക്സ് വിശ്വാസിയും, തന്റെ ചിന്തകൊണ്ട്, സംസാരം കൊണ്ട്, മലിനമായ പ്രവർത്തികൾ കൊണ്ട്, മറ്റുള്ളവരെ വേദനപ്പെടുത്തുന്നവരാകരുത്. അങ്ങനെ ചെയ്താൽ നമ്മിൽ കുടിയിരിക്കുന്ന യേശുവിനെ ആ പരീശന്മാരെപ്പോലെ നാമും അറിയാത്തവരായി, തള്ളിപ്പറയുന്നവരായി മാറും.

ഇതുവരെയും യേശുവിനെ കാണാത്ത കുരുടൻ, യോഹ 9:17 ൽ സാക്ഷ്യം പറയുകയാണ്. അവൻ (യേശു) ഒരു പ്രവാചകനാണ്. 9"38 ൽ തന്റെ യേശുവിൽ ഉള്ള വിശ്വാസം ഏറ്റുപറഞ്ഞ് അവനെ നമസ്കരിക്കുന്നു".

കുഞ്ഞൂഞ്ഞു തുടർന്നു: ദൈവത്തിന്റെ കൂടെ നടന്നിട്ടും, തന്നെ തിരിച്ചറിയാതെ, അവനനുരൂപരായി രൂപന്തരപ്പെടാതെ, പ്രവർത്തിക്കാതെ സംസാരിക്കാതെ, തങ്ങൾക്കുകിട്ടിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാതെ ജീവിക്കുന്നവർ തികച്ചും നിർഭാഗ്യവാന്മാരാണ്.

അവരെപ്പറ്റി കർത്താവ് യോഹ 9:41 ൽ പറയുന്നത് ശ്രദ്ധിക്കു: നിങ്ങൾ കുരുടരായിരുന്നു എങ്കിൽ നിങ്ങൾക്ക് പാപമില്ലായിരുന്നു; എന്നാൽ നിങ്ങൾ (എന്നെ) കാണുന്നു എന്ന് പറയുന്നതു കൊണ്ട് നിങ്ങടെ പാപം നിലനിൽക്കുന്നു".

കുഞ്ഞൂഞ്ഞ് സംസാരം നിർത്തിയിട്ട് ജോണിയേയും ചാക്കോയേയും നോക്കി.

ചാക്കോ പറഞ്ഞു: ചേട്ടാ എനിക്കുതെറ്റുപറ്റി , അധികാര മോഹങ്ങൾ എന്റെ കാഴ്ച മറച്ചുകളഞ്ഞു. ക്ഷമിക്കണം, ഇന്നുമുതൽ എന്നിലെ കർത്താവിനെ തിരിച്ചറിഞ്ഞ് എന്റെ തെറ്റുകൾ ഞാൻ തിരുത്തും

ജോൺ പറഞ്ഞു " ഞങ്ങളെ കുറ്റപ്പെടുത്താതെ, ദാവീദിന്റെ തെറ്റു തിരുത്തുവാൻ ദൈവം അയച്ച നാഥാൻ പ്രവാചകനാണ് കുഞ്ഞൂഞ്ഞു ചേട്ടൻ, ഇത്രയും സ്നേഹ വാത്സല്യത്തോടെ വിലയേറിയ അറിവുകൾ പറഞ്ഞു തന്നതിന് വളരെ നന്ദി".

ഇരുകൈകളും കൂപ്പി കുഞ്ഞൂഞ്ഞ് പറഞ്ഞു " ദൈവത്തിന് സ്തുതി".

## പരിശുദ്ധ കാതോലിക്കാ ബാവായും റഷ്യൻ പാത്രിയർക്കീസും കൂടിക്കാഴ്ച്ച നടത്തി.



**റഷ്യ :** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ കിറിൽ പാത്രിയർക്കീസും കൂടിക്കാഴ്ച്ച നടത്തി. കാതോലിക്കാ ബാവായെ കിറിൽ പാത്രിയർക്കീസും എക്സ്റ്റേണൽ അഫേഴ്സ് വിഭാഗം തലവൻ മെത്രാപ്പോലീത്തൻ ഹിലാരിയോണും, ബിഷപ്പ് ഡയനിഷ്യൂവും ചേർന്ന് പാത്രിയർക്കീസിന്റെ ഔദ്യോഗിക വസതിയിൽ സ്വീകരിച്ചു.
ഇരു സഭാതലവൻമ്മാരും തമ്മിലുള്ള കൂടിക്കാഴ്ച്ച ഒരു മണിക്കൂർ നീണ്ടുനിന്നു. സഭകൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി ഇരു സഭകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു വർക്കിംഗ് ഗ്രൂപ്പ് ആരംഭിക്കുന്നതിന് ധാരണയായി. യുവജനസംഘടനകളുടെ പരിപാടികൾ ഏകോപിപ്പിക്കും. കമ്മ്യൂണിറ്റി സർവ്വീസിന് പ്രാധന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവൻ തീരുമാനിച്ചു. അക്കാദമിക് രംഗത്തെ സഹകരണം മെച്ചപ്പെടുത്തുവനും സഭാ തലവന്മാർ തമ്മിലുള്ള ചർച്ചയിൽ ധാരണയായി.
ഫാ. ഡോ. എം.പി. ജോർജ് ലെനിൻ ഗ്രാഡ് തിയോളജിക്കൽ അക്കാദമിയിൽ പഠിച്ചിരുന്ന കാലത്ത് തയ്യാറാക്കിയ സിംഫണിയുടെ പുസ്തകം കാതോലിക്കാ ബാവാ കിറിൽ പാത്രിയർക്കീസിന് സമ്മാനിച്ചു. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പേലീത്ത ലെനിൻ ഗ്രാഡ് തിയോളജിക്കൽ അക്കാദമിയിൽ പഠിച്ചിരുന്ന കാലത്ത് കിറിൽ പാത്രിയർക്കീസ് അവിടെ റെക്ടറായി സേവനമനുഷ്ഠിച്ചിരുന്നതായി പരിശുദ്ധ കതോലിക്കാ ബാവാ പ്രത്യേകം അനുസ്മരിക്കുകയുണ്ടായി.
മലങ്കര ഓർത്തഡോക്സ് സഭയും റഷ്യൻ ഓർത്തഡോക്സ് സഭയും തമ്മിൽ നിലനിൽക്കുന്നത് പതിറ്റാണ്ടുകളായുള്ള സജീവ ബന്ധമാണ്. 1970 കളിൽ പരി. പീമൻ പാത്രിയർക്കീസ് മലങ്കരയിൽ എത്തി. 1976 ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായും റഷ്യ സന്ദർശിച്ചിരുന്നു.
ഇരു സഭാതലവന്മാരും പരസ്പരം ഉപഹാരങ്ങൾ കൈമാറി. പൂർവ്വകാലങ്ങളിൽ സഭയ്ക്ക് ലഭിച്ച അക്കാദമിക് സേവനങ്ങൾക്ക് പരിശുദ്ധ കാതോലിക്കാ ബാവാ നന്ദി അറിയിച്ചു.

## മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, ചന്ദ്രപ്പൂർ,സിൽവർ ജൂബിലിയുടെ നിറവിൽ



**ചന്ദ്രപ്പൂർ :** മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധനും ഇടവകയുടെ കാവൽ പിതാവുമായ പരി. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും കൺവെൻഷനും, ഇടവകയുടെ സിൽവർ ജൂബിലി ആഘോഷങ്ങളും മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ ഒക്ടോബർ 25 മുതൽ 27 വരെ ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രപ്പോലീത്ത തിരുമനസ്സിന്റെ കാർമ്മികത്വത്തിൽ ഭക്ത്യാദരപൂർവ്വം കൊണ്ടാടി. നാഗപ്പൂർ വൈദിക സെമിനാരി അധ്യാപകൻ ഫാ. ജോർജ് വർഗ്ഗീസ് വചന പ്രഘോഷണം നടത്തി. ഇടവകയുടെ മുൻ വികാരിമാരും , വൈദികരും വിശ്വാസികളും സിൽവർ ജൂബിലിയിലും പെരുന്നാളിലും വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു . ഇടവകയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് ഇടവക വികാരി ഫാ. അനിഷ് ജോസഫ് വർഗ്ഗീസ്, ട്രസ്റ്റി ശ്രീ.ജോർജ്കുട്ടി, സെക്രട്ടറി ശ്രീ. അനിഷ് ജോർജ് ഫിലിപ്പ്, ഇടവക കമ്മറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.




പുത്തൻകാവ് മാർ ഫീലക്സിനോസ് സംവാദ മത്സരം കൊൽക്കത്ത ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്തു.

## 73rd Independence Day Celebration



**Bhilai :** St. Thomas Ashram & Mission celebrated the 73rd Independence Day of India. Fr. George C. Varghese, Ex. Vice Chairman, CCET College hosted the National Flag. Students of Jeevan Jyothi Project performed various programs.



## 8th OKR Biennial Priest Conference held in Malpe





**Udupi:** The All India (Outside Kerala) 8th Biennial Priest Conference was inaugurated at the Paradise Isle Resort, Malpe here on 20th August 2019. The conference was organized by the newly formed diocese of Brahmavar under the theme of 'Renounce & Rejoice'. The conference was inaugurated by His Holiness Baselios Marthoma Paulose II (Catholicos of the East and the Malankara Metropolitan / Supreme Head of Indian Orthodox Church). His Holiness in his Inaugural address called for a rejuvenation of Priestly Ministry. Expounding the theme 'Renounce & Rejoice', His Holiness stressed on the need of it in today's church. H G Mathews Mar Severios, President, STOVS and H G Geevarghese Mar Coorilos, working president, STOVS also spoke on the occasion. Fr. Dr. Biju George and Fr. Dr. Joshi Varghese were felicitated for being awarded with Ph.D. Fr V C Jose, the convener of the Priest Conference, delivered the vote of thanks. H G.Dr Joseph Mar Dionysus, H G Yuhanon Mar Diascorus, H G Yuhanon Mar Demetrius, H G Geevarghese Mar Yulios, and H G Abraham Mar Seraphim were present. On this occasion, the Priest Conference Souvenir and the Diocesan Diary were released by His Holiness Paulose II. The inaugural meet concluded with the singing of traditional Konkani Hymn 'Laudate Dominum' and the Catholicate Hymn 'Catholic Mangal Ganam'. Our Diocesan Team comprising of Fr. Dr. Joshi Varghese, Fr. Shaiju Philip and Fr. Jobin P Abraham won the Inter-Diocesan Quiz competition. 15 priests from Calcutta Diocese participated in the conference.

## MILAN 2019




**Pathamuttom :** The Calcutta Diocese Family Fellowship was held for the third time on Wednesday, 2 October 2019 at Stephanos Mar Theodosius Memorial Mission Centre, Pathamuttom. The meeting started with prayer song by the choir headed by Dr. Ipe Varghese, Seenu Bijesh and group. The Bible reading was done by Saji. KC Eapen welcomed the gathering. Then the participants introduced themselves. In the chairman's remarks HG Dr. Joseph Mar Dionysius pointed out the need of handing over our faith and tradition to our next generation and the methods for doing the same. The felicitations were given by John Ipe, M V Varghese, Prof. Dr.K.M. Kuriakose and Rev. Fr. Philipose Venattu. K. G. Mathaikutty presented the theme "*How to transmit our faith And tradition to the next generation*". Vote of thanks was given by Dr. Ipe Varghese. After the noon prayer and photo session all joined for the lunch prepared by the Abhaya Self Help group.



## 4th Ecumenical Convention 2019



**Bhilai:** The Episcopal Church Fellowship Bhilai Chapter conducted its 4th Ecumenical convention on 4th October 2019 at Marthoma Church, Sector 6 , Bhilai. The convention programme was started with the opening prayer by Fr. Jisho ( Vicar, St. Mary's Jacobite church, Bhilai), followed by the Bible reading by Sr. Ann (Orthodox church). Fr. Joby John (Vicar, Marthoma church) welcomed the dignitaries and the gathering. The spiritual message was given by the chief guest H.G. Kuriakose Mor Eusabios Metropolitan of Jacobite Syrian Orthodox church (Bishop of Delhi Diocese and Patriarchal Vicar of Kuwait). Various devotional songs were sung by Marthoma church choir. Rev. Subin (CSI church) conducted prayer during offertory chant. The word of Gratitude was given by Fr. Aju. K Varghese (ECF Secretary) to all distinguished guest and all who gathered. The convention was concluded by closing prayer of Sr. Prakash (Catholic Church) and benediction by H.G Kuriakose Mor Eusabios. Almost 10 priest, 5 nuns and 250 people attended the Ecumenical Convention. Refreshments were served to all.



## 12th Annual Meet : Heads of Institutions - MGM Group of Schools




**Bhilai:** The Two-day Annual Meet of the Heads of the Institutions under the MGM Group was inaugurated by H.G. Dr. Joseph Mar Dionysius Metropolitan, the President / Manager of MGM Group of Schools. Prof. (Dr.) John Varghese, Principal, St. Stephen's College Delhi Varghese, Principal, St. Stephen's College Delhi took lively and interactive sessions on the topic "Shared secrets, shared strengths: Some useful strategies for teacher-administrator ". Mrs. T Raja Rajeshwari, ECCE Expert, Hyderabad elaborated on 'How to better Pre-Primary Education' and 'Role of Principal in Pre-Primary Education'. The participants also brainstormed on How to improve the quality of teaching – learning process. About 45 delegates, including Principals and Vice Principals from 10 states attended the meet. The meet was organised by the Diocesan-Mission Education Board on 16th & 17th October, 2019 at Engineering & Technology. The Diocesan-Mission Education Board which runs 31 schools and 3 colleges is commonly known as MGM Group of Institutions. The Schools which had enrolled maximum students for Logos Olympiad were also awarded. Fr. Dr. Joshi Varghese, Diocesan Education Officer welcomed the dignitaries and participants. Fr. Jose K Varghese, Secretary of St. Thomas Mission proposed the vote of thanks.

## Tentative Program of Bishop

| | |
|---|---|
| 31st Oct - 1st Nov | Parumala Perunal |
| 2nd Nov - 5th Nov | Bhilai Perunal (Mar Theodosios Feast, Bhilai) |
| 6th Nov - 9th Nov | St.Gregorious Church, Sharajah |
| 10th Nov - 16th Nov | Bhilai |
| 16th Nov - 17th Nov | Guwati Church |
| 18th Nov - 22nd Nov | Bhilai |
| 23rd Nov - 24th Nov | Bhandara Church |
| 25th Nov - 30th Nov | Bhilai |
| 1st Dec - 4th Dec | Pathanapuram Dayara Perunal |
| 5th Dec - 6th Dec | Raipur |
| 7th Dec - 8th Dec | Korba Church (Golden Jubilee) |
| 9th Dec - 11th Dec | Bhilai |
| 12th Dec - 13th Dec | Rourkela |
| 14th Dec - 21th Dec | Kerala |
| 22nd Dec - 4th Jan 2020 | Annual Kuwait Visit |



# 5th MAR THEODOSIUS MEMORIAL INTER SCHOOL MGM FEST




**Bhilai :** "Education is a fundamental right of every Indian child" (Dr. A.P.J. Abdul Kalam) . This lines aptly describes the mission and vision of Bishop His Grace Dr. Stephanos Mar Thedosius of Blessed Memory, the founder Manager of MGM Group of Institutions. MGM Fest 2019 , a three day cultural and sports event was organized at the Christian College of Engineering and technology (CCET) Bhilai on a grand scale with great fervor to commemorate the Visionary Bishop Mar Theodosius. The mega event was organized to bring all the 31 schools run by St. Thomas Mission and Calcutta Diocese of Indian Orthodox Church under one umbrella and to evoke a feeling of unity and fraternity. These 31 Schools along with the 3 Colleges are popularly known as MGM (Mar Gregorios Memorial) Group of Educational Institutions. More than 1300 students from the states of Odisha, Jharkhand, Madhya Pradesh and Chhattisgarh participated in the event including Principals , teachers , sports and cultural in charges.



The spectacular event commenced with a Torch Rally flagged off from the Tomb of L.L Dr. Stephanos Mar Theodosius by H. G. Dr. Joseph Mar Dionysius, Director of MGM group of institutions. Thereafter the MGM FEST '19 flag was hoisted by the Chief Guest Shri. V Vikraman , DIG, Sashatra Seema Bal followed by the Lighting of Ceremonial Torch. The stage came alive with a colourful Welcome Dance presented by MGM H.S. School, Raipur and MGM Public School, bhilai added colour to the inaugural ceremony of this mega meet.

The Presidential address was delivered by H.G. Dr. Joseph Mar Dionysius Metropolitan, In his address, the Arch Bishop focused on the importance in students life and encouraged them to actively participate in curricular and co--curricular activities. Shri Rajesh Chauhan, Former Indian Cricketer graced the occasion as the Guest of Honour and praised the contribution of the group in the field of education and sports.

Shri. V Vikraman , DIG, SSB was the chief guest of the inaugural ceremony . In his address he appreciated the initiative by MGM group of schools for organizing such a mammoth Sports and Cultural event.

MGM Fest 2019 was declared open by the Chief Guest by releasing the balloons.

Shri M.S Varghese, Director, Sports Authority of India (SAI), New Delhi, was the chief guest for the valedictory session. He addressed the students and appreciated them for their achievements and also encouraged them to participate in such events.

Shrishti Sharma, MGM Sr. Sec. School, Sec-6 Bhilai and Prashant Murti, MGM Hr. Sec. School, Balco, Korba were adjudged as Sports Champions, among girls and boys respectively. G.C. Divya of MGM Hr. Sec. School, Korba won Individual Championship in cultural events.



MGM Hr. Sec.School Bokaro was declared as Cultural Champions with 49 points. Mar Baselios Vidhya Bhavan (MBVB ), Bhilai came second in cultural category. MGM Sr. Sec School, Sec-6 Bhilai became the Sports Champion with 112 points whereas MGM Hr. Sec. School, Bokaro were sports runner-up with 100 points. MGM Hr. Sec. School, Bokaro won the overall championship for showing brilliant performance in both cultural and sports events.

H.G. Dr. Joseph Mar Dionysius Metropolitan in his Presidential address of the closing ceremony propounded his happiness for the success of the MGM Fest 2019 and congratulated one and all for their untiring efforts for organizing the event. He extended his special thanks to staff members of Christian College of Engineering and Technology , Bhilai, St Thomas College, Bhilai, MGM Public School and Mar Baselious Vidhya Bhavan, Bhilai for their contribution and pain taken for conducting the event successfully. The team led by Fr. Dr. Joshi Varghese, Diocesan Education Officer of MGM Group of Schools, Fr. George C Varughese, EVC CCET and Fr. Aju K Varghese, Bursar CCET, worked tirelessly to make the event a grant success.



## MGM Higher Secondary School, Bagdona
## celebrated its Silver Jubilee - 'Udaan 2019'

**Bagdona:** With great enthusiasm and zeal, all the staff and students along with their parents of the MGM Higher Secondary School celebrated its 25th Annual Day themed 'Udaan' which means 'to raise and fly high'. It was held on 11th October, 2019, Friday.



Shri. Sukhdev Panse, cabinet minister, of Madhya Pradesh was the esteemed chief guest. Our diocesan Metropolitan and Director of MGM Group of Institutions, H. G. Dr. Joseph Mar Dionysius, presided over the function. Mr. P. K. Chaudhary, {A.G.M WCL, Pathakhera} was the guest of honour. A spectacular display of talent and fervor of the students of MGM School were the highlights of the celebration and was well appreciated by the parents and the gathering. The event ended with the Grand Finale,'The Dhamaka' celebration by all the participants of various programs. The silver jubilee celebration extended the fame of the school all across the district.

# MOMS NEWS

## Marth Mariam Vanitha Samajam Annual Conference, Calcutta Diocese




Mar Gregorious Orthodox Church, Bilaspur bagged the ever rolling trophy

**Bhilai :** The 20th Annual conference of Martha Mariam Vanitha Samajam, Calcutta diocese was held at Christian College of Engineering & Technology (CCET) ,Bhilai from 6th - 8th October 2019. About 160 delegates from our 17 parishes of the diocese attended the conference. The theme for the conference was " The gracefulness of forgiveness"( Ephesians 4 :32). The chief resource person for the conference was Rev. Fr. Dr. Bijesh Philip ( Principal, STOTS). The theme was presented by Fr. Dr. Joshi Varghese ( Diocesean Education Officer). The conference started with the Holy Qurbana celebrated by Fr. Philip Kuruvilla. The different aspects of the theme were explained by the resource person in 2 sessions.Fr. Philip Kuriuvila took session on Family life. An interactive session with the Diocesan Metropolitan was also held. Meditation classes were taken by Fr. Biju Daniel and Fr. Shinu Cherian. Medical class was taken by Dr. Mary Abraham. Inter unit arts competition like elocution, group song, bible quiz and bible verses were held. All the winners were honoured with gifts and Mar Gregorious orthodox Church, Bhilaspur bagged the ever rolling trophy with maximum points. In cultural night different units performed colourful programmes like skit , dances ,etc. The business session was also conducted. All the delegates above 70 years of age were honoured. All the rank holders of MOMS Examination 2018 were honoured with trophies. MOMS Annual Report 2018-2019 was presents by Mrs. Annamma Mathew, General Secretary . Mrs. Annamma Mathew proposed the vote of thanks.

H.G Dr. Joseph Mar Dionysius ( Metropolitan of Calcutta Diocese),Very. Rev. Geevarghese Ramban (vice President, St.Thomas Mission), Very. Rev Thomas Ramban (Diocesan Secretary), Rev.Fr. Jose K Varghese (Secretary, St.Thomas Mission), Rev.Fr. Aju K Varghese (Treasurer, St. Thomas Mission),Rev. Fr. George C Varghese ( Ex. Vice chairman, CCET College) Rev. Fr. Anish Joseph Varghese (Vice- president of MOMS Calcutta), Mrs. Annamma Mathew ( General Secretary, MOMS Calcutta Diocese), Mrs. Merlin S Chacko (Treasurer, MOMS Calcutta Diocese)and Mrs. Mini Markose (unit secretary ) gave leadership to the conference. ). The conference was also graced by the auspicious presence of Fr. Kurian John, Fr. Dr. Joshi Varghese, Fr. Lijo John, Fr. Geevarghese Varghese, Fr. Biju Daniel, Fr. Shinu Cherian and Reverend sisters. The conference concluded with prayer and benediction.

12th Memorial Feast 2019



# MGOCS & YM NEWS

## Mar Gregorios Orthodox Christian Students & Youth Movement
## Diocese of Calcutta

Bhilai : The 29th Annual Conference of the MGOCSM and YM was held at Christian College of Enginnering & Technology (CCET), Bhilai under the patronage of St. Thomas Mission, Bhilai and Calcutta Diocese. It was hosted by CCET MGOCSM unit. The theme for the conference was "Love your #Selfie" and the theme bible verse was "I can do everything through Christ who strengthens me" (Phil 4:13). H.G. Dr. Joseph Mar Dionysius, metropolitan of the Diocese of Calcutta was present throughout the conference. The main speakers for the conference were Rev. Fr. Philip Kuruvilla, Ex Bursar of the STOTS, Nagpur and Rev. Fr. Dr. Bijesh Philip, Principal of STOTS, Nagpur. The conference began with the celebration of the Holy Qurbana celebrated by Rev. Fr. Philip Kuruvilla. The conference flag was hoisted before the inaugural session. The Diocesan Secretary, Very Rev. Thomas ramban, welcomed the guests as well as the delegates of MMS and MGOCS & YM in the inaugural session. There were 5 main sessions based on the theme. Rev. Fr. Philip Kuruvilla dealt on the topics: i) Love your Selfie, ii) Love, iii) I can do everything through Christ and Rev. Fr. Dr. Bijesh Philip also dealt on the theme. Rev. Fr. Dr. Joshi Varghese dealt with topic 'Christian response to Social Media'.

A panel discussion was organized where contemporary issues related to young people were discussed and deliberated. The host unit conducted various group activities. The Raipur MGOCSM unit led the conference with melodious songs. Various inter unit competitions were held: Group song competition, Documentary competition, Mime competition, Collage making competition and Bible quiz competition. H.G. Dr. Joseph Mar Dionysius led one of the evening devotions and interacted with the delegates in another session. Rev. Fr. George Varghese, Rev. Fr. Kurian John and Rev. Fr. Lijo John led morning and evening devotions. The sacrament of Holy Confession was also arranged for those who came prepared for it. On the concluding day the business session was held in which the units read out their annual working report and handed overhe same to the diocesan metropolitan. Few of the delegates gave feedback about the conference. The prizes for the competitions were given away in the closing ceremony. The details of winners are as follows:-



**Group Song Competition**
First - MGOYM, Bhopal Second - MGOCSM Bilaspur Third - MGOCSM, Raipur

**Mime Competition**
First - MGOCSM, Kolar, Second - MGOCSM, Bhilai Third - MGOCSM, Nagpur

**Documentary Competition**
First - MGOCSM, Raipur Second - MGOCSM, Bhilai Third - MGOCSM, Nagpur

**Collage Competition**
First - MGOCSM, Nagpur Second - MGOCSM, Bhilai Third - MGOCSM, Jabalpur and MGOCSM,Raigarh

**Quiz Competition**
First – MGOCSM, Bhilai Second – MGOCSM, Bhopal Third– MGOCSM, Nagpur

MGOCSM unit of Mar Gregorios Orthodox Cathedral, Bhilai bagged the overall championship trophy for the year 2019. Very Rev. Geevarghese Ramban, Very Rev. Thomas ramban, Rev. Fr. Jose K Varghese, Rev. Fr. George C Varghese, Rev. Fr. Kurian John, Rev. Fr. Dr. Joshi Varghese Rev. Fr. Jeffin Varghese, Rev. Fr. Aju K Varghese, , Rev. Fr. Jobin Abraham, Rev. Fr. Biju Daniel, Rev. Fr. Anish Joseph, Rev. Fr. Lijo John and Rev. Fr. Shinu Cherian were present during the conference. 200 delegates from 13 parishes of the diocese attended the conference.

In the closing ceremony Rev. Fr. Jobby Peter, Vice President of MGOCS & YM, proposed the vote of thanks. President Thirumeni lowered the conference flag and Catholica Mangalaganam was sung.





MGOCSM unit of Mar Gregorios Orthodox Cathedral, Bhilai bagged the overall championship trophy for the year 2019.




# Sunday School Zonal Arts & Talent Competition

## Raipur Zone



**Raipur :** Zonal level Arts Competition 2019 of Raipur Zone was held on 13.10.2019 at St. George Cathedral Nagpur. 75 students from 6 parishes MGO Cathedral Bhilai, St.Mary's Raipur, MGO Bilaspur, MGO Raigarh, St. Mary's Bhandara & St.George Cathedral Nagpur of Raipur zone participated in the Zonal level competition. Day started with Holy Qurbana celebrated by Diocesan Metropolitan H.G. Dr. Joseph Mar Dionysius followed by inaugural function. The Zonal Arts & Competition was inaugurated by Thirumeni with his kind words and lighting of Lamp. Vicar Fr.K.I.Varghese, Diocese SS Director John Mathai, Zonal Director Anil Mathews, Diocese SS secretary & HM Joseph Cherian were present on the occasion. Marathon Competition started at 10 AM and ended at 6.30 PM. District Inspectors Aleyama Babu, Lata Johnson and the Sunday school teachers of Nagpur unit supported Zonal Director for conducting the competition smoothly. All the participants put an excellent performance; **MGO Cathedral Bhilai bagged the Jolly Mathai Rolling Trophy for best unit**. Judges of the competition were Br. Rejin C Chacko, Br. Abhilash K Benny and Br. Nithin Mathew, all 4th year students of STOTS Nagpur.



## Calcutta Zone

**Calcutta :** Calcutta Diocese Zonal Competition of Calcutta Zone was held at Calcutta St. Thomas Orthodox Cathedral on 13 Oct 2019 under the guidance of the Vicar Rev. Fr. Abraham P.J. and Zonal Director Lt Col (Retd) Mariamma Varghese. Sunday School students from St Marys Orthodox Church Bokaro, St Stephens Orthodox Church Ranchi, Mar Gregorios Orthodox Church Jamshedpur along with students of host church actively participated the competition with full enthusiasm. **St Stephens Orthodox Church Ranchi bagged the overall trophy of Calcutta Zone.**


## Bhopal Zone



**Bhopal :** Arts and talent competition of OSSAE (OKR) Bhopal zone was held at Mar Gregorios Orthodox Syrian Church, Kolar Road, Bhopal on 25th August 2019 after Holy Qurbana. The students from St. Thomas Orthodox Cathedral Bhopal, St. George Orthodox Church Jabalpur and Mar Gregorios Orthodox Syrian Church, Kolar attended along with teachers and HMs.

The inaugural meeting was presided by Rev. Fr. Lijo John, Vicar and Vice President OSSAE (OKR) Calcutta Diocese who also welcomed all the delegates. Shri. Thomas T. Kanjiram, the Zonal Director presented the annual report for the year 2018 and Shri. John Mathai, Diocesan Director, OSSAE(OKR) delivered felicitation address. Dn. Abraham Alex, Dn. Robin Varghese and Dn. Tijo Abraham from STOTS Nagpur were the judges for the competition events. Rev. Fr. Dr. Biju George Parackal, Vicar of St. Thomas Cathedral, Bhopal and Rev. Fr. Jobin Abraham Asst. Vicar of the Cathedral also witnessed the events.

**Almost 40 students qualified for various events to be held at Diocesan level.** Prizes were given away by the Vicar to the winners. Vote of thanks was given by Shri John Varghese, Distt. Inspector, Bhopal. The function concluded after business session followed by Catholica Mangala Ganam.






# 12th Blessed Remembrance of our beloved Thirumeni

Founder Manager, St. Mary's Higher Secondary School, V.F.J., Jabalpur

## *L.L. Stephanos Mar Theodosius*







**Vicar, Church & School Managing Committee**
**Principal, Staffs & Students**



# *Message*

**'We Praise Almighty God for everything'**

Every magazine, as much as it looks like a finished product when it is published, is really a living creature. Ten years ago we set out to make a magazine for the diocese by the leadership of H.G. Dr. Joseph Mar Dionysius. We'd like to say that there have been lessons or at least one lesson learned over these years that we could pass on to you, our loyal readers. Ten years is a time for reflection. This means reflecting on the good and what went wrong. To reduce these ten years into a few sentences, however well-crafted and well-meaning is unrealistic. Of course, we are really grateful to the extraordinary individuals who have given their time, effort and energy to making Diocesan Darpan magazine a success. Today we salute all of them and we thank our readers. If it weren't for all of them, we wouldn't celebrate today. Their contribution has been, still is and certainly will be crucial to everything that makes Diocesan Darpan a vibrant reality.

*Thank You...*

*Your's* **AJU ACHEN**
Publisher & Circulation Manager




## അനുഗ്രഹീതമായ 25 വർഷം പൂർത്തീകരിച്ച്

# മാർ ഗ്രീഗോറിയോസ്

## ഓർത്തഡോക്സ് ചർച്ച്, ചന്ദ്രപ്പൂർ





**എല്ലാ വായനക്കാർക്കും രജത ജൂബിലി ആഘോഷിക്കുന്ന**

**മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ചിന്റെ**

**ആശംസകൾ**

For Private Circulation Only

Vol-X Issue IV October - December 2019





# 12th Remembrance Day

*of our beloved Thirumeni*



YOUR SATISFACTION
IS OUR
SUCCESS

**Design & Engineering...**

**Quality & Manufacturing...**

**Range of Products...**

- Generator Air Coolers
- CACA & CACW Coolers
- Turbine Oil Coolers
- LP Heater
- Oil Coolers
- Transformer Oil-Coolers-OFAF
- Shell And Tube Heat Exchanger
- Wire Wound Fin Tubes
- Copper Crimped Fin Tubes
- High Performance Silencer
- Plug in Type Oil-Cooler etc.

Our Clients

ABB, ALSTOM, APGENCO, BHEL, NTPC, NHPC, VOITH SIEMENS

With Best Compliment.....



**FITWELL CORPORATION**

an ISO 9001:2008 Company

35, Sector A, Industrial Estate, Govindpura,
Bhopal, (M.P.) India, Pin-462023
Ph : +91 755 2586656, 4218981, 4218982, Fax: +91 755 4272244
Website : www.fitwell.in, Email: info@fitwell.in

Published by : Fr. Aju K Varghese for Diocese of Calcutta, Bhilai - 26 (C.G.)
Chief Editor : Fr. Dr. Abraham Oommen